


PG
324-3

ലോകയുവജന പ്രസ്ഥാനം

പി.ഗോവിന്ദപ്പിള്ള

ലോക യുവജനപ്രസ്ഥാനം

lokayuvajana prasthanam ★ by p govinda pillai ★ published by chintha publishers, thiruvananthapuram ★ first published december 1991 ★ distributed by deshabhimani book house, thiruvananthapuram ★ printed at social scientist press, thiruvananthapuram-14

cover: Bhattathiri *Price: Eight Rupees*

വിതരണം:

ദേശാഭിമാനി ബുക്ക് ഹൗസ്

H.O. തിരുവനന്തപുരം 695 014

ബ്രാഞ്ചുകൾ: തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം
എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ

CO: 446/833

ലോക യുവജനപ്രസ്ഥാനം

7809

പി ഗോവിന്ദപ്പിള്ള



ചിന്ത പബ്ലിഷേഴ്സ്
തിരുവനന്തപുരം–695 014
വില: 8 രൂപ

324.3

ഉള്ളടക്കം

1	ലോക യുവജനപ്രസ്ഥാനം ഒന്നാം ലോക മഹായുദ്ധം വരെ	5
2	ലോക യുവജനപ്രസ്ഥാനം ഇരുപതാംനൂറ്റാണ്ടിന്റെ അരുതിയിൽ	24
3	പുത്തൻ ഇടതുപക്ഷത്തിന്റെ പുതുമയും പഴമയും	33

ലോക യുവജനപ്രസ്ഥാനം ഒന്നാം ലോകമഹായുദ്ധം വരെ

ഇന്ന് നാം സർവസാധാരണമെന്നും സാർവത്രികമെന്നും കരുതുന്ന പല ആശയങ്ങൾക്കും പ്രസ്ഥാനങ്ങൾക്കും മൂവായിരമോ അയ്യായിരമോ വർഷം ഗണിക്കാവുന്ന മാനവനാഗരികതയുടെ ചരിത്രത്തിൽ വളരെ ഹ്രസ്വമായ കാലയളവ് മാത്രമെ പ്രായമുള്ളൂ എന്നു കാണുമ്പോൾ അദ്ഭുതം തോന്നാം. ഉദാഹരണത്തിന് 'പുരോഗതി' എന്ന ആശയം തന്നെ എടുക്കുക. 18–ാം നൂറ്റാണ്ടിന് മുമ്പ് യൂറോപ്പിലോ 19–ാം നൂറ്റാണ്ടിനുമുമ്പ് ഇന്ത്യയിലോ അങ്ങനെയൊരു സങ്കൽപം അജ്ഞാതമായിരുന്നു. സമൂഹ ചലനത്തെക്കുറിച്ചതുവരെയുണ്ടായിരുന്ന ധാരണ ഒന്നുകിൽ ചാക്രികമായിരുന്നു അല്ലെങ്കിൽ അധോഗതിയുടെ. പ്രാചീന ഭാരതീയരുടെ കൃത–ദ്വാപര–ത്രേതാ–കലിയുഗങ്ങളെക്കുറിച്ചുള്ള സങ്കൽപമെടുക്കു. സമത്വ സുന്ദരവും പാപരഹിതവുമായ കൃതയുഗത്തിൽനിന്ന് സർവനാശോൻമുഖമായ കലിയുഗത്തിലേക്കുള്ള ക്രമപ്രവൃദ്ധമായ അധഃപതനത്തിന്റെ കഥയാണ് അതിൻ പ്രകാരം മാനവ ചരിത്രം. *ബൈബിളി*ലെ പുതിയ നിയമത്തിലെ 'യോഹന്നാന്റെ വെളിപാട്' പുസ്തകത്തിലും അത്തരം ഒരു 'അപോകലിപ്റ്റിക്കൽ' വീക്ഷണം കാണാം. ആധുനിക യുഗത്തിന്റെ ആരംഭം കുറിച്ച യൂറോപ്പിലെ നവോത്ഥാന കാലത്തെ ആചാര്യന്മാരും യവന സംസ്കാരത്തിന്റെ 'സുവർണ യുഗ'ത്തിലേക്കാണ് പ്രത്യാശയോടെ പിന്തിരിഞ്ഞു നോക്കിപ്പോന്നത്.

അതുപോലെതന്നെ യുവജനപ്രസ്ഥാനത്തിന്റെ കാര്യമെടുത്താലും. അത് ലോക ചരിത്രത്തിലെ അടുത്ത ഒന്നോ ഏറിയാൽ രണ്ടോ നൂറ്റാണ്ടുമാത്രം പഴക്കമുള്ള പ്രതിഭാസമാണെന്ന് കാണാം. അതിപ്രാചീന ഗോത്രവർഗങ്ങളിലും പ്രാചീന നദീതട നാഗരികതകളിലും യുവജനപ്രശ്നം ഉയർന്നുവന്നിരുന്നു. അക്കാലത്തും മുതിർന്നവരുടെ യാഥാസ്ഥിതികത്വത്തെയും അധികാരത്തെയും ചോദ്യം ചെയ്യുന്ന യുവപ്രവണത ചിലപ്പോഴെല്ലാം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഒരു നിശ്ചിത പ്രായപരിധി കഴിഞ്ഞവരെ വധിച്ച് പിൻമുറക്കാർ ഗോത്രത്തലവന്റെ പദവിയേൽക്കുക എന്നത് ചില പ്രദേശങ്ങളിൽ അംഗീകൃത നിയമമായിരുന്നു എന്നു നരവംശ ശാസ്ത്രജ്ഞൻമാർ രേഖപ്പെടുത്തിയിട്ടുണ്ട്. പിതാവിനെ തടവിലിട്ടോ കൊന്നോ അധികാരം പിടിച്ചെടുക്കുക എന്ന രാജനീതി കൗടില്യന്റെ *അർഥശാസ്ത്രത്തിൽ* രേഖപ്പെടുത്തിയിട്ടുണ്ട്. എന്നു മാത്രമല്ല, ക്രിസ്തുവിന് മുമ്പ് മഗധ രാജധാനിയിലും മൂന്നുനാല് നൂറ്റാണ്ടുകൾക്കുമുമ്പ് മുഗൾ കൊട്ടാരങ്ങളിലും അത് അസാധാരണമായിരുന്നില്ല.

യുവജനങ്ങളുടെ ആരാധനാപാത്രവും യുവാക്കളെ വഴിതെറ്റിച്ചു എന്ന ആരോപണത്തെ മുൻനിറുത്തി വധിക്കപ്പെട്ട ദാർശനികനുമായിരുന്നല്ലോ പ്രാചീന ഗ്രീസിലെ സോക്രട്ടീസ്. ആ സോക്രട്ടീസ് തന്നെ ഒരിക്കൽ ''പെരുമാറ്റമര്യാദയേറിയാത്തവരും മുതിർന്നവരെ ബഹുമാനിക്കാത്തവരും ആഹാരം ചിട്ടപ്രകാരം ഭംഗിയായി കഴിക്കുന്നതിന് പകരം വികൃതമായി വെട്ടിവിഴുങ്ങുന്നവരും ആണ് ഇപ്പോഴത്തെ (സോക്രട്ടീസിന്റെ കാലത്തെ) ചെറുപ്പക്കാർ'' എന്ന് പരിഹസിച്ചത് രേഖപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ഇന്ന് പ്രചാരമുള്ള ഒരു പ്രയോഗമാണ് 'യുവതലമുറയെ വാർതെടുക്കൽ.' ഏതു മൂശയിൽ? സംശയമുണ്ടോ? പഴയ തലമുറയുടെ മൂശയിൽതന്നെ. പഴയ വിദ്യാഭ്യാസ വ്യവസ്ഥകളെല്ലാം (ഒട്ടൊക്കെ ഇപ്പോഴത്തെയും) അത്തരം മൂശകളാണ്. രാജഭക്തി, പിതൃഭക്തി, ഈശ്വരഭക്തി തുടങ്ങിയ ഭക്തികളിൽ യുവാക്കളെ കൂരുക്കുക

എന്നതായിരുന്നു പ്രാചീനാദർശം. അതിനെതിരെ വല്ല പ്പോഴും ഒക്കെ പ്രതിഷേധം ഒററയ്ക്കും തെററയ്ക്കും ഉ യർനതിന്റെ കഥകളും അവിടവിടെ പ്രാചീന രേഖകളി ലും പുരാണങ്ങളിലും കാണാം.

പക്ഷെ ഈ നേരിയ ചലനങ്ങളും ദുർബല മത്സരങ്ങ ളും സമൂഹത്തെ ആകെ ഇളക്കിമറിച്ചു എന്നോ തുടർനു എന്നോ പറഞ്ഞുകൂടാ, യുവജനങ്ങൾക് പ്രാചീന–മധ്യ കാലങ്ങളിൽ ഉണ്ടായിരുന്ന മുഖ്യമായ കടമ സ്വന്തം കുടും ബപാരമ്പര്യമനുസരിച്ച് വളരുകയും പരിശീലനം നേ ടുകയും കുലത്തൊഴിലിലോ കുടുംബത്തൊഴിലിലോ സ ഹകരിക്കുകയും മാത്രമായിരുന്നു. സമൂഹത്തിലെയാകെ ഒരു പ്രത്യേക ജനവിഭാഗം എന്ന നിലയിൽ അവർ അംഗീ കരിക്കപ്പെട്ടിരുന്നത് പട്ടാളസേവനത്തിൽ മാത്രമായിരു ന്നു. അതും ആത്യന്തികമായി മുതിർനവരുടെ പ്രവർതന ത്തിൽ സഹകരിക്കലും മുതിർനവരുടെ വ്യവസ്ഥക്കുവേ ണ്ടി ചത്തൊടുങ്ങലും മാത്രമായിരുന്നുവല്ലോ.

ഈ അവസ്ഥക്കൊരു മാററം വന്ന് യുവജനങ്ങൾ ഒരു സവിശേഷവും സ്വതന്ത്രവും ആയ സാമൂഹ്യശക്തിയാ യി ഉയരാൻ തുടങ്ങിയത് വ്യവസായ യുഗത്തോടെയും അതിനോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യപ്പെട്ട ജനാധി പത്യ വിപ്ലവകാലത്തോടെയുമാണ്. 1789–ലെ ഫ്രഞ്ച് വിപ്ലവത്തെ തുടർന് ആദ്യം അധികാരത്തിൽ വന്ന 'ജറോ ണ്ടിസ്ററുകൾ'കെതിരെ ഇടതുഭാഗത്തുനിന്ന് കലാപം ആ രംഭിച്ച 'ജേക്കോബിൻമാർ' മിക്കവാറും യുവാക്കളായിരു ന്നു. വിപ്ലവോൻമുഖ ഫ്രാൻസിലെ ആഭ്യന്തരകലാപങ്ങ ളിൽ ഈ തലമുറകളുടെ വിടവ് കാണാം. പക്ഷെ വിജിഗീ ഷുവായ നെപ്പോളിയൻ ബോണാപ്പാർതിന്റെ സാമ്രാജ്യ സംസ്ഥാപനശ്രമത്തിൽ യുവജനങ്ങളിൽ ഭൂരിഭാഗവും സൈനിക സേവനത്തിലേക്കാകർഷിക്കപ്പെട്ടതോടെ ഫ്രാൻ സിനകത്ത് അവർ ഒരു സ്വതന്ത്രശക്തിയല്ലാതെ പോയി.

II

സംഘടിതവും സ്വതന്ത്രവും ആയ ശക്തി എന്ന നില യിൽ യുവതലമുറ പല രാഷ്ട്രങ്ങളിലും തലയുയർതുന്ന

ത് 19–ാം നൂറ്റാണ്ടിലെ ദേശീയ വിമോചന സമരങ്ങളിലാണ്. സ്വതന്ത്രമായ ആദ്യകാല വ്യാവസായിക രാഷ്ട്രങ്ങളായ ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ് തുടങ്ങിയ പടിഞ്ഞാറൻ രാഷ്ട്രങ്ങളിലെ തൊഴിലാളി വർഗസമരങ്ങളിലും ജനാധിപത്യവിപ്ലവ വിപുലീകരണങ്ങളിലും യുവാക്കൾ ഗണ്യമായ പങ്കുവഹിച്ചതായി കാണമെങ്കിലും അതൊന്നും സ്വതന്ത്രമായ സംഘടിതശക്തി എന്ന രൂപത്തിലായിരുന്നില്ല. 19-ാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ബ്രിട്ടനിലെ കാൽപനികപ്രസ്ഥാന സ്ഥാപകരും മധ്യവയസിനു വളരെ മുമ്പുതന്നെ അകാലചരമം പ്രാപിച്ചവരുമായ ഷെല്ലി, കീറ്റ്സ്, ബൈറൺ തുടങ്ങിയ മഹാകവികളുടെ കൃതികളിൽ യുവവാസനകളെയും യൗവനപ്രഭാവത്തെയും പ്രകീർതിക്കുന്ന ആശയങ്ങളുണ്ട്. പാർലമെൻറ് മെമ്പറായ തന്റെ അച്ഛനും യാഥാസ്ഥിതിക കോട്ടയായിരുന്ന ഓക്സ്ഫോർഡ് സർവകലാശാലക്കും എതിരെ നടത്തിയ ഷെല്ലിയുടെ കലാപത്തിൽ ആധുനിക യുവജനനവോത്ഥാനത്തിന്റെ അനുരണനങ്ങൾ കേൾക്കാനുണ്ടെങ്കിലും ഇംഗ്ലണ്ടിൽ അതൊരു വ്യാപകശക്തിയായി രൂപംകൊണ്ടില്ല. 1840–കളിലെ ബ്രിട്ടനിലെ ചാർടിസ്റ്റ് പ്രസ്ഥാനത്തിലോ 1860–കളിലെ അമേരിക്കൻ ഐക്യനാടുകളെ കിടിലം കൊള്ളിച്ച അടിമത്ത വിരോധപ്രസ്ഥാനത്തിലോ യുവജനങ്ങൾ ഗണ്യമായ ശക്തിയായിരുന്നു എന്നു പറഞ്ഞുകൂടാ. എന്നാൽ വ്യവസായ വിപ്ലവവും ജനാധിപത്യപ്രക്രിയയും പൂർതീകരിക്കാതിരുന്ന അക്കാലത്തെ ജർമനി, ഇറ്റലി തുടങ്ങിയ രാഷ്ട്രങ്ങളിലും ഇന്ത്യ, ചൈന, തുർകി, ലാറ്റിൻ അമേരിക്ക തുടങ്ങിയ മേഖലകളിലും യുവജനങ്ങൾ സംഘടിതമായി രംഗത്ത് വരുന്നു.

ഈ ദേശീയ യുവജനപ്രസ്ഥാനങ്ങളിൽ ആദ്യത്തേത് എന്നോ മിക്കവാറും ആദ്യത്തേത് എന്നോ വിശേഷിപ്പിക്കാവുന്നതാണ് പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ബംഗാളിൽ രൂപംകൊണ്ട 'യുവബംഗാൾ' പ്രസ്ഥാനം. വർണാധിഷ്ഠിതമായ ഹൈന്ദവസാമൂഹ്യവ്യവ

സ്ഥയെയും പരമ്പരാഗത വിശ്വാസാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ശക്തിയായി എതിർത്തുകൊണ്ട് രംഗത്തുവന്ന 'യുവബംഗാൾ' പ്രസ്ഥാനം രാജാറാം മോഹൻറായിയുടെയും മറ്റും നവോത്ഥാനപ്രസ്ഥാനത്തിലെ ഒരു പ്രധാന ധാരയായിരുന്നു.

ഏകദേശം ഇതോടടുപ്പിച്ചാണ് ജർമനിയിൽ 'യുവ ഹെഗേലിയൻ' പ്രസ്ഥാനം ആവിർഭവിച്ചത്. മാർക്സും എംഗൽസും മറ്റും ആദ്യകാലത്ത് യുവ ഹെഗേലിയൻമാരായിരുന്നു. ജർമൻ ക്ലാസിക്കൽ ദാർശനികചിന്തയുടെ മൂർധന്യനായിരുന്ന ജി ഡബ്ള്യൂ എഫ് ഹെഗൽ (1770–1831) നിര്യാതനായതോടെ അദ്ദേഹത്തിന്റെ അനുയായികളും ഇടതും വലതുമായി വേർപിരിഞ്ഞു. ഈ ഇടതുപക്ഷ ഹെഗേലിയനിസമാണ് പിന്നീട് മാർക്സിസത്തിന്റെ വൈരുധ്യാധിഷ്ഠിത ഭൗതികവാദത്തിന്റെ ഒരു മൂലക്കല്ലായിത്തീർന്നത്. മുഖ്യമായും അതൊരു ദാർശനികപ്രസ്ഥാനമായിരുന്നെങ്കിലും അതിന്റെ രാഷ്ട്രീയ സാമൂഹ്യവശങ്ങളും അഗണ്യങ്ങളല്ല.

ഈയിടെതന്നെ മുഖ്യമായും സാഹിത്യ–കലാപ്രശ്നങ്ങളെ മുൻനിർത്തി 'യുവ ജർമനി' (1830–50) എന്നൊരു പ്രസ്ഥാനം രൂപംകൊണ്ടു. ഫ്രഞ്ച് വിപ്ളവത്തിന്റെ ആശയങ്ങളാണ് അവർക്ക് പ്രചോദനം നൽകിയത്. സങ്കുചിത ദേശീയഭ്രാന്തിനും കാൽപനിക സ്വപ്നാടനത്തിനും എതിരെ നിലയുറപ്പിച്ച 'യുവജർമനി' പ്രസ്ഥാനത്തിന്റെ പേർ ആദ്യം പ്രത്യക്ഷമായത് ലൂഡോംഫ് വിയൻബാർഗിന്റെ *എയ്സ്തെറ്റിക്ക് കാമ്പയിൻസ്* എന്ന ഗ്രന്ഥത്തിലാണ്. മാർക്സിന്റെ ആത്മസുഹൃത്തായിരുന്ന മഹാകവി ഹെൻറിഷ് ഹൈനെയും ഗ്യോർഗ് വെർവെഗും ഉൾപെടെ അനേകം യുവസാഹിത്യകാരൻമാർ ഈ പ്രസ്ഥാനവുമായി ബന്ധപ്പെട്ടിരുന്നു. 1835 ഡിസംബർ 10–ാം തിയതി ജർമൻ കോൺഫെഡറേഷൻ ഡയറ്റ് (പാർലമെണ്ട്) 'യുവജർമനി' സാഹിത്യകാരൻമാരുടെ കൃതികളും കർശനമായ സെൻസർഷിപ്പ് ഉപയോഗിച്ച് നിർ

മാർജനം ചെയ്യുവാൻ അധികൃതർക് അധികാരം നൽകുന്ന ഒരു പ്രമേയം പാസാക്കി. കലയും സാഹിത്യവും സാമൂഹ്യരാഷ്ട്രീയ പരിഷ്കാരങ്ങൾക്കുള്ള ശക്തമായ ഉപകരണമാക്കി അവർ മാറിത്തുടങ്ങിയതോടെയാണ് അധികൃതർ മർദനനടപടികളുമായി വന്നത്.

ജനാധിപത്യത്തിലും ദേശീയതയിലും അടിയുറച്ച ഒരു നാടകവേദിക്കുവേണ്ടി യുവ ജർമൻകാർ നടത്തിയ യത്നമാണ് ജർമൻ റിയലിസ്റ്റ് നാടകവേദിക്ക് വഴിതെളിച്ചത്. രാഷ്ട്രീയ രംഗത്തും സാഹിത്യരംഗത്തും 'യുവ ജർമനി' ചലനങ്ങൾ സൃഷ്ടിച്ചു. 1848–ലെ ജർമനിയിലെ ജനാധിപത്യ വിപ്ലവം വഞ്ചിക്കപ്പെടുകയും യാഥാസ്ഥിതികർ അധികാരത്തിൽ പിടിമുറുക്കുകയും അങ്ങനെ ബിസ്മാർക്കിന്റെ സർവാധിപത്യ വാഴ്ചക്ക് തുടക്കം കുറിക്കുകയും ചെയ്തതോടെ ഒരു പ്രസ്ഥാനമെന്ന നിലയിൽ യുവജർമനി അപ്രത്യക്ഷമായെങ്കിലും അതിന്റെ പ്രതിധ്വനികൾ പിന്നെയും ജർമൻ അന്തരീക്ഷത്തെ മുഖരിതമാക്കിക്കൊണ്ടിരുന്നു.

പിൽകാലത്തെ യുവജന പ്രസ്ഥാനത്തിന്റെ മുഖ്യ സ്വഭാവങ്ങളെല്ലാം പ്രകടമായ ആദ്യത്തെ യുവജന സംഘടന ഇറ്റലിയിലാണ് രൂപം കൊണ്ടത്. ഇറ്റാലിയൻ രാഷ്ട്രീയോദ്ഗ്രഥനത്തിന്റെയും സ്വതന്ത്ര റിപ്പബ്ലിക്കിന്റെയും പിതാവായി ചരിത്രകാരൻമാർ പ്രകീർതിക്കുന്ന ഗിസിപ്പെ മസ്സിനി (1805–1872) സ്ഥാപിച്ച ''യുവ ഇറ്റലി'' എന്ന സംഘടനയാണ് അത്. ആസ്ത്രോ ഹംഗേറിയൻ സാമ്രാജ്യത്വത്തിന്റെ കീഴിൽ അനവധി ചെറു രാഷ്ട്രങ്ങളായി ശിഥിലീകരിക്കപ്പെട്ട് കിടന്ന ഇറ്റലിയെ ഒരു ഏകീകൃത സ്വതന്ത്രറിപ്പബ്ലിക്കായി വളർത്താൻ പ്രതിജ്ഞയെടുത്ത 'യുവ ഇറ്റലി' പ്രസ്ഥാനം 1831–ൽ സ്ഥാപിക്കപ്പെട്ടു. തുടക്കത്തിൽ 40 പേർ മാത്രമുണ്ടായിരുന്ന സംഘടന 1833 ആയപ്പോഴേക്കും 50,000 അംഗങ്ങളെ നേടി. 1830 കളിലും 1840 കളിലും യുവഇറ്റലിക്കാർ വിവിധ 'നാട്ടുരാജ്യങ്ങളിൽ' സ്വദേശി സോഷ്യലിസ്റ്റ് ഭരണാധിപതികൾക്കും

ആസ്ട്രോ ഹംഗേറിയൻ സാമ്രാജ്യത്വത്തിനും എതിരെ ഗൂഢാലോചനകളും അട്ടിമറികളും കലാപങ്ങളും സംഘടിപ്പിച്ചു. ഈ വമ്പിച്ച മുന്നേറ്റത്തിൽ നിന്നാവേശം ഉൾക്കൊണ്ട മസ്സിനി യൂറോപ്പിലാകെ അത്തരം റിപ്പബ്ലിക്കൻ ജനാധിപത്യകലാപങ്ങൾക്ക് കളമൊരുക്കാനായി 'യുവയൂറോപ്പ്' എന്ന ഒരു സംഘടനക്കും രൂപം നൽകി.

എങ്കിലും കഷ്ടിച്ച് രണ്ട് പതിറ്റാണ്ട് കാലത്തെ പ്രവർത്തനത്തിന് ശേഷം ഒരു പ്രസ്ഥാനവും സംഘടനയും എന്ന നിലയിൽ യുവ ഇറ്റലി നിഷ്പ്രഭമായി. ദേശീയ സ്വാതന്ത്ര്യസമരത്തിൽ ഗാരിബാൾഡിയെ പോലുള്ള ബൂർഷ്വ നേതാക്കൾക്ക് മുൻകൈവന്നു. മസ്സിനിയാവട്ടെ അതിന് പകരം വ്യക്തമായ തൊഴിലാളിവർഗചേരിയിൽ അണിനിരന്നതുമില്ല. ഒന്നാം ഇൻറർനാഷണലിനകത്ത് മസ്സിനി പക്ഷക്കാരും മാർക്സിസ്റ്റുകാരും തമ്മിലുള്ള വാഗ്വാദങ്ങളും പ്രസിദ്ധങ്ങളത്രെ.1848–ൽ മസ്സിനി തന്നെ യുവ ഇറ്റാലിക്ക് പകരം കുറെകൂടി വിശാലമായ അടിത്തറക്ക് വേണ്ടി 'ഇറ്റാലിയൻ ദേശീയ സമിതി രൂപീകരിച്ചു.

രണ്ട് പതിറ്റാണ്ടിനകം ഇറ്റലി ഏകീകരിക്കപ്പെടുകയും സ്വതന്ത്രയാവുകയും ചെയ്തു. അപ്പോഴേക്കും നേതൃത്വം മിക്കവാറും പൂർണമായി ഗാരിബാൾഡിയിൽ നിക്ഷിപ്തമായി. മസ്സിനിയുടെ സ്വാധീനം കുറഞ്ഞു എങ്കിലും ഇറ്റാലിയൻ ദേശീയ നവോത്ഥാനത്തിനും സ്വാതന്ത്ര്യത്തിനും യുവ ഇറ്റലി നൽകിയ വമ്പിച്ച സംഭാവന ചരിത്രം അവഗണിക്കില്ല.മാത്രമല്ല യുവഇറ്റലി പ്രസ്ഥാനം മറ്റനേകം രാഷ്ട്രങ്ങൾക് മാതൃക കാട്ടുകയും ചെയ്തു.

1840–കളിൽ രൂപംകൊണ്ട 'യുവ അയർലണ്ട്' പ്രസ്ഥാനം അവയിൽ ഒന്നാണ്. ഏതാനും ദേശാഭിമാനികളായ ഐറിഷ് ബുദ്ധിജീവികൾ സംഘടിപ്പിച്ച യുവഅയർലണ്ട് അയർലണ്ടിൻെറ ചരിത്രംപഠിക്കാനും ഐറിഷ് സംസ്കാരം പുനരുജ്ജീവിപ്പിക്കാനും അതുവഴി ബ്രി

ട്ടീഷ് സാമ്രാജ്യത്വത്തിനെതിരെ പോരാടാനും പ്രതിജ്ഞയെടുത്തു 1848 ൽ യുവാക്കൾ നേതൃത്വം നൽകിയ ഒരു കലാപം ക്രൂരമായി അടിച്ചമർത്തപ്പെട്ടതോടെ സംഘടന തകർതെങ്കിലും ഐറിഷ് ചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിക്കാൻ അതിന് കഴിഞ്ഞിരുന്നു.

യുവജനപ്രസ്ഥാനം സംഘടിതമായി രാഷ്ട്രീയരംഗത്ത് മൗലിക മാറ്റം വരുത്തിയ മറെറാരു രാഷ്ട്രമാണ് തുർകി. 'യുവ ഒത്തുമൻ' മാർ (Young Ottomans) എന്ന പേരിൽ തുർകിയിലെ പ്രഥമ യുവജനരാഷ്ട്രീയപ്രസ്ഥാനം 1865 ൽ സ്ഥാപിതമായി. അക്കാലത്ത് യൂറോപ്പിലും ഉത്തരാഫ്രിക്കയിലും പശ്ചിമേഷ്യയിലുമായി പടർന്നുപന്തലിച്ച് കിടന്ന ഒത്തുമൻ സാമ്രാജ്യത്തിന്റെ കേന്ദ്രമായിരുന്നു തുർകി. സോചഛരാധിപതിയായ സുൽതാനാണ് ചക്രവർതി. മധ്യകാലയുഗത്തിലെ അന്ധവിശ്വാസങ്ങളും ഉച്ചനീചത്വങ്ങളും കൊണ്ട് ജീർണിച്ച ഇസ്ലാമതമാണ് രാഷ്ട്രത്തിന്റെ മുഴുവൻ മതം. ഈ സാമ്രാജ്യത്വ ദുർമേദസ് ഒഴിവാക്കി തുർകിയിൽ ജനാധിപത്യപരവും ഭരണഘടനാവിധേയവുംആയ റിപ്പബ്ളിക് സ്ഥാപിക്കണമെന്നായിരുന്നു യുവ ഒത്തുമൻമാരുടെ ആവശ്യം.

പ്രശസ്ത തുർകി കവികളായിരുന്ന നമിക്ക് കമാൽ, സിയാ പാഷ തുടങ്ങിയ ബുദ്ധിജീവികളും മുസ്തഫാ ഫസിൽ, മുറാദ് തുടങ്ങി രാജകീയ കുടുംബങ്ങളിലെ ഉൽപതിഷ്ണുക്കളായ യുവാക്കളും പ്രസ്ഥാനത്തിൽ ചേർനു. 1867ൽ ആറ് അംഗങ്ങളോടുകൂടി തുടങ്ങിയ യുവ ഒത്തുമൻമാർ 1867–ൽ 245 ആയി പെരുകി. പരിഭ്രാന്തരായ ഭരണാധികാരികൾ ചാടിവീണു. മുഖ്യമന്ത്രി (ഗ്രാൻഡ് വസീർ) അലിപാഷ യുവഒത്തുമൻമാരെ നിരോധിച്ച് നാടുകടത്തിയപ്പോൾ അവർ പാരീസ് ആസ്ഥാനമായി പ്രവർതിക്കാൻ തുടങ്ങി. അവർ യൂറോപ്പിൽ അനേകം സുഹൃത്തുക്കളെ നേടുകയും *ഹുറിയത്ത്* (സ്വാതന്ത്ര്യം) എന്ന തീപ്പൊരി ചിതറുന്നൊരുപത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. പത്രം നിയമവിരുദ്ധമായി തുർകിയിൽ വിതരണം നടത്തി. അറസ്റും മർദനവും സർവസാധാരണ

മായി, മർദനം പ്രസ്ഥാനത്തെ കൂടുതൽ ശക്തിമത്താക്കുന്നു എന്നുകണ്ട ഭരണാധികാരികളും വീണ്ടുവിചാരത്തിനൊരുങ്ങി. മുഖ്യമന്ത്രി അലിപാഷ മരിച്ചതിനെ തുടർന്ന് 1871–72 ൽ രാഷ്ട്രീയ കൂറാവാളികൾക്ക് പൊതുമാപ്പ് പ്രഖ്യാപിക്കപ്പെട്ടു. മുസ്തഫാ ഫസിലും കവി നമിക് കമാലുമെല്ലാം പാരീസ് വിട്ട് തുർക്കിയിലേക്ക് തിരിച്ചുവന്നു. നമിക് കമാലും മറ്റും തങ്ങളുടെ പ്രവർത്തനം തുടർന്നെങ്കിലും നിയമവിരുദ്ധ കാലത്തെ വീറും വാശിയും തണുത്തുപോയി. പ്രസ്ഥാന നേതൃത്വത്തിലെ ചില രാജകുമാരൻമാരും പ്രഭുകുമാരൻമാരും മറ്റും പിൻവാങ്ങിയതും ഒരു കാരണമാവാം.

പക്ഷെ യുവ ഒത്തൂമൻമാർ കൊളുത്തിയ കൈത്തിരിവലിയൊരു പന്തമായി വളർത്താൻ താമസിയാതെ അരങ്ങൊരുങ്ങി. 'യുവ തുർകികൾ' എന്ന പേരിൽ പിന്നീട് അറിയപ്പെട്ട 'ഐക്യത്തിനും പുരോഗതിക്കുംവേണ്ടിയുള്ള കമ്മിറ്റി' (കമ്മിറ്റി ഓഫ് യൂണിയൻ ആൻഡ് പ്രോഗ്രസ്) 1899–ൽ പാരീസ് കേന്ദ്രമായി സംഘടിപ്പിക്കപ്പെട്ടു. 1906–ൽ ഏതാനും സൈനികരും സർകാർ ഉദ്യോഗസ്ഥൻമാരും അടങ്ങിയ 'ഒത്തുമൻ സ്വാതന്ത്ര്യസംഘ' (ഒത്തുമൻ ഫ്രീഡം സൊസൈറ്റി)വുമായി കമ്മിറ്റി ലയിച്ചു. 1908-ൽ യുവതുർകികളുടെ കലാപം ഭാഗികമായി വിജയിച്ചു. 1876-ലെ ഭരണഘടനയും ദ്വിമണ്ഡല പാർലമെൻറും പുനഃസ്ഥാപിക്കാൻ സുൽതാൻ അബ്ദുംഹമീദ് ദ്വിതീയൻ നിർബന്ധിതനായി. യുവ തുർകികൾ തെരഞ്ഞെടുപ്പിൽ തകർപ്പൻ വിജയം നേടി. പിന്നീട് 1918 വരെ തുർകിയിലെ ഏറ്റവും പ്രമുഖ രാഷ്ട്രീയകക്ഷിയും ഭരണാധികാരിയും യുവതുർകികളായിരുന്നു. നാടുവാഴിത്ത രാഷ്ട്രത്തെയും സമ്പദ്വ്യവസ്ഥയെയും ആധുനികവൽകരിക്കാൻ കുറെയേറെ നടപടികൾ അവർ കൈക്കൊണ്ടു.

പക്ഷെ ഒന്നാം ലോകമഹായുദ്ധം (1914-18) അവർക് അശനിപാതമായി. യുദ്ധത്തിൽ തോറ്റുപോയ ജർമൻകൈസറുടെ ഭാഗത്താണ് തുർകി അണിനിരന്നത്. വിജയിക

ളായ ബ്രിട്ടീഷുകാരുടെ പ്രതികാരത്തെ ഭയന്ന് നേതാക്കൾ നാടുവിട്ടതോടെ പാർടിസംഘടന തകർന്നു.

പിന്നീടുള്ള തുർക്കിയുടെ ചരിത്രം, കമാൽ അത്താതുർക് (തുർകികളുടെ പിതാവായ കമാൽ) എന്ന പേരിൽ പ്രശസ്തനായ മുസ്തഫാ കമാൽ (1881–1938) നടത്തിയ പോരാട്ടങ്ങളുടെയും നേടിയ വിജയങ്ങളുടേതുമാണ്. 1923–ൽ കമാൽ തുർക്കിയിൽ അധികാരം പിടിച്ചെടുക്കുകയും പ്രസിഡണ്ടും പ്രധാനമന്ത്രിയുമായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തു. ചിതറിപ്പോയ യുവ ഒത്തുമൻമാരെ ചേർത് പുതിയ യുവതുർകി പ്രസ്ഥാനം കെട്ടിപ്പടുത്തുകൊണ്ടാണ് കമാൽ വിജയം നേടിയതും ദൂരവ്യാപകമായ ആധുനികവൽകരണ നടപടികൾ കൈക്കൊണ്ടതും.

യുവതുർകികളുടെ പ്രശസ്തി ലോകമെങ്ങും വ്യാപിച്ചതോടെ ഇപ്പോൾ ലോകത്തിലെവിടെയെങ്കിലും രാഷ്ട്രീയപാർടികളിലോ സംഘടനകളിലോ യാഥാസ്ഥിതിക നേതൃത്വത്തിനെതിരെ കലാപം കൂട്ടുന്നവരെ 'യുവതുർകികൾ' എന്നു വിളിക്കുക പതിവായിട്ടുണ്ട്.

മറെറാരു ശ്രദ്ധേയമായ ബൂർഷ്വാ യുവജനപ്രസ്ഥാനം വളർനുവന്നത് ഉത്തരാഫ്രിക്കയിലെ തുണീഷ്യയിലാണ്. അലി ബഷ് ഹമ്പയുടെയും ബഷീർ സഫറിന്റെയും നേതൃത്വത്തിൽ 1907–ൽ രൂപംകൊണ്ട 'യുവ തുണീഷ്യൻ' പ്രസ്ഥാനത്തിന്റെ മുഖ്യ ലക്ഷ്യം ഫ്രഞ്ച് സാമ്രാജ്യത്വത്തെ തുരത്തി ദേശീയ സ്വാതന്ത്ര്യം നേടുക എന്നതായിരുന്നു. 1883-ലാണ് ഫ്രാൻസ് തുണീഷ്യയുടെമേൽ ആധിപത്യം സ്ഥാപിച്ചത്. തുണീഷ്യയിലെയും ഉത്തരാഫ്രിക്കൻ മേഖലയിലേയും സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾക് പ്രചോദനം നൽകിയ ആദ്യകാല സംഘടനകളിൽ യുവതുണീഷ്യൻമാർക് വലിയ പങ്കുണ്ട്. 1920 ആയപ്പോഴേക്കും 'ലിബറൽ കോൺസ്റിറ്റ്യൂഷൻ പാർടി' എന്ന പേരിൽ ഒരു തികഞ്ഞ രാഷ്ട്രീയപാർടിയായി യുവ തുണീഷ്യൻ പ്രസ്ഥാനം രൂപാന്തരപ്പെട്ടു. ഇപ്പോൾ സ്വതന്ത്ര തുണീഷ്യയുടെ പ്രസിഡണ്ടായ ബൊർഗീബയും മറ്റും

ഈ പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിച്ചത്.

റഷ്യൻ സാറിസ്റ്റ് സാമ്രാജ്യാധിപത്യത്തിനെതിരെ പോരാടാൻ 1890 കളുടെ ഒടുക്കം കുറെ ചെറുപ്പക്കാരായ ഫിൻലണ്ടുകാർ തയ്യാറെടുത്തു. അന്നു നിലവിലിരുന്ന ഫിന്നിഷ് പാർടിയുടെ കീഴടങ്ങൽ നയത്തിൽ പ്രതിഷേധിച്ച് പുറത്തുവന്ന 'യുവഫിൻ' കക്ഷി 1917—ലെ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തോടെ ഫിൻലണ്ട് സ്വാതന്ത്ര്യം നേടുംവരെ ഒരു ഗണ്യമായ സമരസംഘടനയായിരുന്നു. സ്വാതന്ത്ര്യാനന്തരം ''യുവഫിൻ''മാർ പുതുതായി സംഘടിപ്പിക്കപ്പെട്ട നാഷണൽ പ്രോഗ്രസീവ് പാർടിയിൽ ലയിച്ചു.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ ഇന്ത്യയിൽ പലയിടത്തും രൂപമെടുത്ത ഉശിരൻ വിപ്ലവസംഘടന പലതും യുവജന സംഘടനകളും ആയിരുന്നു. സായുധസമരത്തിലൂടെ ഇന്ത്യയെ മോചിപ്പിക്കാൻ ശ്രമിച്ച ഈ ആദ്യകാല പോരാളികളെ 'ഭീകര പ്രസ്ഥാന'ക്കാർ എന്നാണ് ബ്രിട്ടീഷുകാരും യാഥാസ്ഥിതികരും അധിക്ഷേപസൂചകമായി വിശേഷിപ്പിച്ചത്. പഞ്ചാബികളുടെ ഗദ്ദർ, ബംഗാളികളുടെ അനുശീലൻ തുടങ്ങിയ ഈ യുവ വിപ്ലവപാർടികളും ചരിത്രപ്രസിദ്ധങ്ങളത്രെ.

III

1830—നും 1917-നുമിടക്ക് ഇത്തരം അനേകം നവീകരണ പ്രസ്ഥാനങ്ങളും ബൂർഷ്വാ വിമോചനപ്രസ്ഥാനങ്ങളും പെറ്റിബൂർഷ്വാ റൊമാന്റിക് കലാപസംഘടനകളും അനേകം രാജ്യങ്ങളിൽ രൂപംകൊണ്ടത് മുഴുവൻ വിവരിക്കാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. 1917—ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവത്തിനു ശേഷം എല്ലാവിധ രാഷ്ട്രീയ—സാമൂഹ്യപരിഷ്കാര പ്രസ്ഥാനങ്ങൾക്കും മാറ്റം സംഭവിച്ചതുപോലെ യുവജന പ്രസ്ഥാനത്തിനും മാറ്റങ്ങൾ സംഭവിച്ചു. അവയെക്കുറിച്ചെന്തെങ്കിലും പറയുന്നതിനുമുമ്പ് മേൽ വിവരിച്ചവ

യിൽനിന്നെല്ലാം വ്യത്യസ്തമായ മറ്റു ചില യുവജനസംഘടനകളെയും പ്രസ്ഥാനങ്ങളെയുംകൂടി പരിശോധിക്കാതിരുന്നാൽ ചിത്രം പൂർത്തിയാവില്ല.

നാം ഇതുവരെ ചർച്ചചെയ്ത യുവജന സംഘടനകളെല്ലാം സമൂഹം, സാഹിത്യം, രാഷ്ട്രം എന്നിവയുടെ പുരോഗതിയെ ലാക്കാക്കി പ്രവർത്തിച്ച് സ്വന്തം ചരിത്രത്തോടൊപ്പം രാഷ്ട്രത്തിന്റെ ചരിത്രവും തിരുത്തി എഴുതിയവയാണ്. ഇവയെല്ലാം ഏറിയോ കുറഞ്ഞോ പുരോഗതിയുടെയും വിപ്ലവത്തിന്റെയും ഭാഗത്താണ് കാലുറപ്പിച്ചത് എന്നും നിസ്തർക്കമത്രെ. എന്നാൽ ഇവയിൽനിന്നെല്ലാം വ്യത്യസ്തമായി യുവജനങ്ങളെ നിലവിലുള്ള വ്യവസ്ഥയുടെ, പ്രത്യേകിച്ച് സാർവദേശീയമായ പടിഞ്ഞാറൻ മേൽകോയ്മയുടെ, നെടുംതൂണുകളായി വളർത്തിയെടുക്കാനുള്ള പ്രസ്ഥാനങ്ങളും രൂപംകൊണ്ടു. മതം, ജീവകാരുണ്യനാട്യം, സ്വയം നന്നാകൽ യത്നം മുതലായവയൊക്കെയത്രെ ഇത്തരം പ്രസ്ഥാനങ്ങളുടെ മുഖമുദ്ര. രാഷ്ട്രീയ കാര്യങ്ങളിൽ നിസ്സംഗരാണെന്ന ഭാവേന അവർ നിലവിലുള്ള രാഷ്ട്രീയ വ്യവസ്ഥയുടെ താങ്ങുകളായി യുവാക്കളെ നിഷ്ക്രിയരാക്കുന്നു. അടിസ്ഥാനപരമായി ഈ നിലപാടെടുക്കുമ്പോഴും യുവാക്കൾക് താൽപര്യമുള്ള ചില കാര്യങ്ങളും അവർ ചെയ്യുന്നില്ലെന്നോ ചെയ്യുന്നതെല്ലാം ദ്രോഹകരമെന്നോ വിവക്ഷിക്കുന്നില്ല.

ഇത്തരം സംഘടനകളിൽ സാർവദേശീയസ്വഭാവംതന്നെ കൈവന്നിട്ടുള്ളവയാണ് യങ്ങ്മെൻസ് ക്രിസ്ത്യൻ അസോസിയേഷൻ (വൈ എം സി എ), യങ്ങ് വിമെൻസ് ക്രിസ്ത്യൻ അസോസിയേഷൻ (വൈ ഡബ്ലിയു സി എ), ബോയ് സ്കൗട്ട്സ്, ഗേൾ സ്കൗട്ട്സ്, യങ്ങ്മെൻസ് ബുഡിസ്റ്റ് അസോസിയേഷൻ (വൈ ബി എം എ), മുതലായവ. യുവമുതലാളികളുടെ 'ജൂനിയർ ചേമ്പർ' മുതലായവ കുറെകൂടി പരസ്യമായ വർഗപക്ഷപാതത്തോടെ ചങ്ങലയിൽ അടുത്തകാലത്ത് ഘടിപ്പിക്കപ്പെട്ടകണ്ണികളാണ്.

ജോർജ് വില്യംസ് (1821–1905) എന്നൊരാളാണ് 1944–ൽ ലണ്ടനിൽ 12 ചെറുപ്പക്കാരെക്കൂട്ടി ഒരു ക്ലബ്ബ്

രൂപീകരിച്ചത്. അക്കാലത്ത് ബ്രിട്ടനെ പ്രകമ്പനം കൊള്ളിച്ച ചാർടിസ്റ്റ് പ്രസ്ഥാനം. ആദിയായ മുതലാളിത്ത വിരുദ്ധ-സാമൂഹ്യപരിവർതന വർഗ സമരത്തിലൊന്നും വിശ്വാസമില്ലായിരുന്ന വില്യംസ് 'തൊഴിൽകാർക്ക് സ്വയം നന്നാകാനായി'ട്ടാണ് ഈ ക്ലബ്ബ് രൂപീകരിച്ചത്. ഒരു തയ്യൽതൊഴിലാളിയായി ജീവിതമാരംഭിച്ച വില്യംസ് ഒരു വലിയ തയ്യൽസ്ഥാപനത്തിന്റെ ഉടമയായപ്പോഴാണ് ''തയ്യൽ തുടങ്ങിയ വ്യവസായങ്ങളിലേർപെട്ടിരിക്കുന്ന യുവാക്കളുടെ ആത്മീയാവസ്ഥ അഭിവൃദ്ധിപ്പെടുത്താൻ'' ഈ ക്ലബ്ബ് തുടങ്ങിയത്. താമസിയാതെതന്നെ ക്ലബ്ബ് വൈ എം സി എ യായി ബ്രിട്ടന്റെ വിവിധ ഭാഗങ്ങളിൽ മുതലുടമകളുടെ സഹായത്തോടെ വളർന്നു. ട്രേഡ് യൂണിയനുകളിൽ നിന്നവരെ അകറ്റി 'ആത്മീയ നേട്ടമുണ്ടാക്കിക്കൊടുക്കാൻ' പറ്റിയ ഒന്നായി വില്യംസിന്റെ സംഘത്തെ മറ്റ് മുതലുടമകളും അവരുടെ താളത്തിനൊത്ത് തുള്ളുന്ന പുരോഹിതൻമാരും യാഥാസ്ഥിതിക കക്ഷികളും കണ്ടതിൽ അദ്ഭുതമില്ല. 1850-ഓടെ ആസ്ത്രേലിയയിലേക്കും അടുത്ത വർഷം അമേരിക്കൻ ഐക്യനാടുകളിലേക്കും വ്യാപിച്ച വൈ എം സി എ ഇപ്പോൾ 70 ലക്ഷത്തിലധികം അംഗസംഖ്യയുള്ള ഒരു സാർവദേശീയ സംഘടനയാണ്.

തൊഴിലാളികളെ ട്രേഡ്യൂണിയനിൽനിന്നും വർഗ സമരത്തിൽനിന്നും പിന്തിരിപ്പിച്ച് 'ആത്മീയനേട്ടം' ഉണ്ടാക്കിക്കൊടുത്ത് മുതലാളിമാരുടെ ഭൗതികനേട്ടം സംരക്ഷിക്കുകയായിരുന്നു വൈ എം സി എ യുടെ ആദികാല ലക്ഷ്യമെങ്കിലും ഇപ്പോൾ അതിന്റെ പ്രവർതനമണ്ഡലത്തിൽ തൊഴിൽകാർ അധികമില്ല. ഇടത്തരക്കാരും വരേണ്യരുമായ യുവാക്കൾക്ക് ഹോസ്റ്റൽ, കളിസൗകര്യങ്ങൾ, മറ്റു വിശ്രമവിനോദങ്ങൾ മുതലായവക്കും ചിലപ്പോൾ ദേശീയവും സാർവദേശീയവും ആയ മേളകൾക്കും അരങ്ങൊരുക്കുക എന്നതിൽ കവിഞ്ഞ് വളരെയൊന്നും അവർ ചെയ്യുന്നില്ല. മുതലാളിത്തലോകത്തിലെ മിക്ക പ്രധാന നഗരങ്ങളിലും റിട്ടയർ ചെയ്ത പ്രമാണിമാരുടെ നേതൃത്വ

ത്തിൽ പ്രവർത്തിക്കുന്ന വൈ എം സി എ ഹോസ്റ്റലുകളും മറ്റും കാണാം. 1855-ൽ ഇതിന്റെ വനിതാപതിപ്പായ വൈ ഡബ്ല്യൂ സി എ ഇംഗ്ലണ്ടിൽതന്നെ ജൻമമെടുത്തു. അതും ഇപ്പോഴും 70-ൽപരം രാജ്യങ്ങളിൽ പ്രവർത്തിക്കുന്നു.

വൈ എം ബി എ 1906-ൽ ബർമയിൽ ജൻമംകൊണ്ടു. വൈ എം സി എ പോലെ അത്ര സാർവദേശീയ വ്യാപ്തിയൊന്നും ഇതിനില്ല.

ഇവയിൽനിന്നും മൗലികമായി വ്യത്യസ്തമല്ലെങ്കിലും ബോയ്സ്കൗട്ട് സംഘടന, യൗവനത്തിലേക്ക് കാൽകുത്തുന്നതിനുമുമ്പുള്ള ഘട്ടത്തിൽ കുട്ടികളെ യാഥാസ്ഥിതിക വലയത്തിൽ കുടുക്കാനുള്ളതാണ്. ഒരു ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥനായിരുന്ന ലഫ്ടനൻറ് ജനറൽ ബേഡൻപവൽ (1857-1941) 1908-ൽ സ്ഥാപിച്ച ബോയ്സ്കൗട്ട് സംഘടന അന്ന് ലോകത്തിലെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യം വാണിരുന്ന ബ്രിട്ടന്റെ അധികാരമേഖലയിലാകെ വ്യാപിച്ചു. സാമ്രാജ്യത്തിന് ചെയ്ത സേവനങ്ങളെ മുൻനിറുത്തി ലെഫ്ടനൻറ് ജനറൽ പിന്നീട് പ്രഭുവായി ഉയർത്തപ്പെട്ടു. ഇപ്പോഴും 97 രാഷ്ട്രങ്ങളിൽ പ്രവർത്തിക്കുന്ന ബോയ്സ്കൗട്ട് (1910-ൽ സ്ഥാപിക്കപ്പെട്ട ഗേൾ സ്കൗട്ടും) പ്രസ്ഥാനത്തിന്റെ മുഖ്യ ലക്ഷ്യം മുതലാളിത്ത വ്യവസ്ഥക്ക് അനുയോജ്യരായി ബാലികാ ബാലൻമാരെ വാർത്തെടുക്കുകതന്നെ.

ഈ നൂറ്റാണ്ടിന്റെ മറ്റൊരു സൃഷ്ടിയായ സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെൻറും (എസ് സി എം) കാതലിക് യൂണിവേഴ്സിറ്റീസ് ഫെഡറേഷൻ (സി യു എഫ്) തുടങ്ങിയ സാർവദേശീയ സംഘടനകളും ഒരുപക്ഷെ തുടക്കത്തിൽ ഇത്തരം സങ്കുചിതവും യാഥാസ്ഥിതികവും ആയ ലക്ഷ്യങ്ങളെ മുൻനിറുത്തിയാകാം പ്രവർത്തിച്ചിരുന്നത്. പക്ഷെ ആഗോളാടിസ്ഥാനത്തിൽ ക്രിസ്തീയ വിശ്വാസികളുടെയും സഭകളുടെയും ഇടയിൽ വീശുന്ന മാറ്റത്തിന്റെ കാറ്റ് എസ് സി എം പോലുള്ള സംഘടനകളെയും ബാധിക്കുന്നുണ്ട്. അതുകൊണ്ട് ചില രാ

ഷ്ട്രങ്ങളിൽ ആ സംഘടനകളും വ്യക്തമായി സാമൂഹ്യമാറ്റത്തിന്റെയും വിമോചനത്തിന്റെയും ഭാഗത്ത് അണിനിരക്കുമ്പോഴും, മറ്റിടങ്ങളിൽ പുരോഗമന ഘടകങ്ങളും എസ്സി എമ്മിന് അകത്ത് ചലനം സൃഷ്ടിക്കുന്നു.

ഈ രണ്ടിനങ്ങൾക്കുപുറമെ മൂന്നാമതൊരിനം കൂടിയുണ്ട് യുവജന പ്രസ്ഥാനങ്ങളിൽ. അവ വൈ എം സി എ, ബോയ്സ്കൗട്ട്സ് തുടങ്ങിയവയെപ്പോലെ തങ്ങളുടെ അടിസ്ഥാനപരമായ മേലാളിവർഗ സ്വഭാവവും പിന്തിരിപ്പൻ പ്രവണതയും ജീവകാരുണ്യത്തിന്റെയോ ഈശ്വരവിശ്വാസത്തിന്റെയോ മേലങ്കി ചാർത്തി ഒളിച്ചുവെക്കുന്നില്ല. 1920-കളിലും 30-കളിലും യൂറോപ്പിൽ പകർച്ചവ്യാധിപോലെ പടർന്ന മുസ്സോളിനിയുടെ 'തവിട്ടുകുപ്പായ'ക്കാരുടെയും ഹിറ്റ്ലറുടെ 'കരിങ്കുപ്പായ'ക്കാരുടെയും മുന്നോടികളാണവർ. ഇന്ത്യയിലെ ഇന്നത്തെ ആർ എസ് എസ്, 'സിമി' (സ്റ്റുഡന്റ് ഇസ്ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ) തുടങ്ങിയവയേയും ഈ പംക്തിയിൽ അണിചേർക്കാം. 1957-59-ൽ കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട നിയമാധിഷ്ഠിത കമ്യൂണിസ്റ്റ് മന്ത്രിസഭയെയും 1965-66-ൽ ഇന്തോനേഷ്യയിലെ ഡോ: സുക്കാർണോയുടെ വിപ്ലവദേശീയ സർക്കാരിനെയും അട്ടിമറിക്കാൻ സ്ഥാപിത താൽപര്യക്കാർ പടച്ചുണ്ടാക്കിയ വിദ്യാർഥി-യുവജന പ്രസ്ഥാനങ്ങളെയും ഈ ഫാസിസ്റ്റ് അണികളിൽതന്നെയാണ് ചേർത്തുനിർത്തി പരിശോധിക്കേണ്ടത്. ഇത്തരം ഫാസിസ്റ്റ്നാസി യുവജനസംഘടനകളും മിക്കവാറും ഒന്നാംലോകമഹായുദ്ധത്തിനുശേഷമുള്ള പ്രതിഭാസങ്ങളാണ്. എങ്കിലും ബിസ്മാർക്കിന്റെയും കൈസറുടെയും ജർമനിയിലും മറ്റും അതിന്റെ പ്രാഗ്രൂപങ്ങൾ പ്രത്യക്ഷപ്പെട്ടിരുന്നു.

IV

മേൽ പ്രസ്താവിച്ചതുപോലെ 1917-ലെ മഹത്തായ ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവം മറ്റെല്ലാ ജനകീയ പ്രസ്ഥാനങ്ങളുടെ എന്നപോലെ യുവജന പ്രസ്ഥാന

ത്തിന്റെ ചരിത്രത്തിലും പുതിയ അധ്യായം തുറന്നു. 1919–ൽ ചൈനയിലെ 'മേയ് 4' പ്രസ്ഥാനവും സോവിയറ്റ് യൂണിയനിലെ യങ്ങ് കമ്യൂണിസ്റ്റ് ലീഗും മറ്റും ഉദ്ഘാടനം ചെയ്ത പുതുയുഗത്തോട് പരിമിതമായിട്ടെങ്കിലും നീതി പുലർത്താൻ മറ്റൊരു നീണ്ട ലേഖനംകൊണ്ടേ കഴിയൂ. അതിനിവിടെ ഒരുങ്ങുന്നില്ല. ഒന്നാം ലോകമഹായുദ്ധംവരെയുള്ള യുവജനപ്രസ്ഥാനത്തിന്റെ ചില ഏടുകളെ പരിശോധിച്ചുകഴിഞ്ഞ നിലക്ക് അതിന്റെ അനുഭവപാഠങ്ങളെ ചുരുക്കമായി ഒന്നു പരിശോധിക്കാം. ആ പരിശോധനക്കിടയിൽ പിൽകാല സംഭവവികാസങ്ങളെകൂടി പരാമർശിക്കേണ്ടതായി വരും.

സംഘടിത യുവജനപ്രസ്ഥാനം ആധുനിക വ്യവസായ–ജനകീയ വിപ്ലവ യുഗത്തിന്റെ സവിശേഷ പ്രതിഭാസമാണ്. ഒന്നര നൂറ്റാണ്ടുകാലത്തിൽ കൂടുതൽ അതിന് പഴക്കം കൽപിക്കാനാവില്ല. 18–ാം നൂറ്റാണ്ടിന്റെ ഉത്തരാർധം മുതൽ തുടങ്ങിയ വമ്പിച്ച ജനസംഖ്യാ വർധനവും ബാലമരണത്തോതിന്റെ കുറവും മൊത്തം ജനസംഖ്യയിൽ യുവാക്കളുടെ അനുപാതം വർധിപ്പിച്ചത് ഈ പ്രതിഭാസത്തിന് സഹായകരമായി. കുടുംബത്തൊഴിലിലോ കുലത്തൊഴിലിലോ മാതാപിതാക്കളുടെ സഹായികളായി അടങ്ങിയൊതുങ്ങി പ്രവർത്തിച്ചിരുന്ന യുവാക്കൾ പുതിയ നഗരങ്ങളിലേക്കും വ്യവസായശാലകളിലേക്കും ആകർഷിക്കപ്പെട്ടതോടെ കൂടുതൽ സ്വതന്ത്രരായി. പഴയപോലെ രക്തബന്ധത്തിൽനിന്നുളവാകുന്ന സ്നേഹവാത്സല്യക്കെട്ടുപാടിന്റെ സ്ഥാനത്ത് മുതലാളി–തൊഴിലാളി ബന്ധങ്ങൾ വന്നപ്പോൾ പരമ്പരാഗതവിധേയത്വം അസ്തമനോന്മുഖമായി. അതോടൊപ്പംതന്നെ പഴയ കുടുംബ ബന്ധത്തിന്റെ സുരക്ഷിതത്വം യുവാക്കൾക് നഷ്ടപ്പെടുകയും ലാഭക്കൊതിയനായ മുതലാളിയും മുതലാളിസർക്കാരും സൃഷ്ടിച്ച തൊഴിൽവിപണിയിൽ അവർ അനാഥരായി നിപതിക്കുകയും ചെയ്തു. അങ്ങനെ പുതിയ സ്വാതന്ത്ര്യവും ശക്തിയും ഒരു വശത്ത്, അനാഥത്വവും അനാഥത്വവും മറുവശത്ത്. പുതിയ വ്യവസായ യുഗത്തി

നാവശ്യമായ സാർവത്രിക സാക്ഷരതയും ഉന്നതവിദ്യാഭ്യാസവും സാങ്കേതിക പരിശീലനവും മറ്റും പുതിയ പണിശാലകൾക്കൊപ്പം പുതിയ വിദ്യാഭ്യാസശാലകൾക്ക് രൂപം നൽകി. വിദ്യാഭ്യാസത്തിന്റെ കാലയളവും നീണ്ടു. പഴയ ചെറിയ ഗുരുകുലങ്ങളിലെ ഗുരുശിഷ്യബന്ധത്തിന് പകരം അനേകം അധ്യാപകരുടെ കീഴിൽ അനേകായിരം വിദ്യാർഥികൾ എന്ന നില വന്നപ്പോൾ അവിടെയും പണിശാലകളുടെ അനുഭവമാണ് യുവാക്കൾക്ക് അനുഭവപ്പെട്ടു. പ്രായപൂർത്തി വോട്ടവകാശ വ്യവസ്ഥ പടിപടിയായി വികസിക്കുകയും വികസിക്കാനുള്ള സാധ്യത വളരുകയും ചെയ്തതോടൊപ്പം അധികാരപദവിയിലുള്ള പൗരൻമാരായി, അല്ലെങ്കിൽ പൗരത്വത്തിന്റെ വക്കിൽ എത്തിനിൽക്കുന്നവരായി.

ശാസ്ത്ര–സാങ്കേതിക രംഗങ്ങളിലും സാമൂഹ്യവ്യവസ്ഥയിലും സാമ്പത്തിക–രാഷ്ട്രീയ ഘടനകളിലും ഉണ്ടായ ഈ മാറ്റങ്ങളാണ് യുവജനപ്രസ്ഥാനം എന്ന പുതിയ പ്രതിഭാസത്തിന് ചരിത്രത്തിൽ വഴിയൊരുക്കിയത്. ഈ വസ്തുത മനസിലാക്കാത്തവരാണ് യുവജന പ്രസ്ഥാനങ്ങളുടെ ഉറവിടത്തെയും സ്വഭാവത്തെയും തേടി ''തലമുറകൾ തമ്മിലുള്ള വിടവി''നെയും കൗമാരത്തിനും മധ്യവയസിനും ഇടക്കുള്ള പരിവർതനകാലഘട്ടത്തിലെ യുവാക്കളുടെ സവിശേഷസ്വഭാവത്തെയും മനഃശാസ്ത്ര സങ്കൽപങ്ങളെയും ആശ്രയിക്കുന്നത്. തീർച്ചയായും ഇപ്പറഞ്ഞതൊന്നും അപ്പാടെ ഭോഷ്കല്ല. അതിലൊക്കെ സത്യത്തിന്റെ അംശങ്ങൾ അടങ്ങിയിട്ടുണ്ട്. പക്ഷെ അംശങ്ങൾ മാത്രം. ആ വകയൊക്കെ പത്തൊമ്പതാം നൂറ്റാണ്ടിന് മുമ്പും ഉണ്ടായിരുന്നതാണല്ലൊ. മുതിർനവർക്കില്ലാത്ത ഗുണവിശേഷങ്ങളും യുവാക്കൾക്കുണ്ട്. പരിവർതന ത്വര, സാഹസികത, പുതിയ സാഹചര്യങ്ങളുമായി ഇഴുകിച്ചേരാനുള്ള കഴിവ്—മുതലായവ. എന്നാൽ മുതിർനവർക്കുള്ള അനുഭവസമ്പത്തും പക്വതയും മറ്റും അവർക്കില്ല. അതുകൊണ്ടാണ് യുവാക്കളെ പുരോഗമന പ്രസ്ഥാനങ്ങൾക്കും വിപ്ലവങ്ങൾക്കും എന്ന പോലെ യാഥാസ്ഥിതികത്വ

ത്തിനും പ്രതിവിപ്ലവത്തിനും കരുവാക്കാൻ ചിലപ്പോഴും കഴിയുന്നത്—കേരളത്തിലും ഇന്തോനേഷ്യയിലും ജർമനിയിലും ഇറ്റലിയിലും ചെയ്തപോലെ. യുവത്വം സഹജമായിതന്നെ വിപ്ലവകരമാണെന്നു പറയുന്നത് അസംബന്ധമാണ്. പലപ്പോഴും അത് പ്രതിവിപ്ലവപരവുമായി പരിണമിക്കുന്നു.

യുവ ഇറ്റലി, യുവ തുർക്കി മുതലായവയുടെ അനുഭവങ്ങൾ എന്താണ് പഠിപ്പിക്കുന്നത്? രാഷ്ട്രത്തിന്റെയും സമൂഹത്തിന്റെയും അനിവാര്യമായ ചരിത്രഗതിക്കും പുരോഗതിക്കും അനുരോധമായി അവരെ സംഘടിപ്പിക്കാനുതകുന്ന പ്രത്യയശാസ്ത്രവും നേതൃത്വവും ഉണ്ടെങ്കിൽ അവർ രാഷ്ട്രത്തിന്റെ സമ്പത്തായി മാറുന്നു, വിപ്ലവത്തിന്റെ മുതൽകൂട്ടായി തീരുന്നു. ആ മുഖ്യധാരയിൽ നിന്നവർ എന്നു വേർപെടുന്നുവോ, അപ്പോഴവർ അന്ധകൂപത്തിൽ നിപതിക്കുന്നു. ഇരുപതാംനൂറ്റാണ്ടിന്റെ മുഖ്യവിപ്ലവധാര തൊഴിലാളിവർഗത്തിന്റെ നേതൃത്വത്തിലുള്ള വിമോചനപ്രസ്ഥാനവും ശാസ്ത്രീയ സോഷ്യലിസ്റ്റ് പ്രസ്ഥാനവും ആണ്. അതാകട്ടെ പൂർണമായി യുവാക്കളുടേതുമാത്രമല്ലതാനും. മുതിർന്നവരും യുവാക്കളും യോജിച്ചുകൊണ്ടേ ആ പ്രസ്ഥാനം വളരൂ എന്നത് വ്യക്തമാണല്ലോ.

മസ്സിനിയുടെ യുവ ഇറ്റലി പ്രസ്ഥാനം പരിശോധിക്കുക. തുടക്കത്തിൽ അതൊരു യുവജന പ്രസ്ഥാനം മാത്രമായിരുന്നു. എങ്കിലും താമസിയാതെ അതൊരു ദേശീയ സ്വാതന്ത്ര്യസംഘടനയായി—രൂപത്തിലും ഭാവത്തിലും. യുവതുർക്കി പ്രസ്ഥാനവും അങ്ങനെതന്നെ. തുടക്കഘട്ടം കഴിഞ്ഞതോടെ അതിലെ നേതാക്കളുടെ വയസും യുവത്വത്തിന്നപ്പുറമായി. പിന്നെ 'യുവതുർക്കി' എന്നത് പ്രായപരിധിയനുസരിച്ചുള്ള സങ്കൽപമല്ല, പ്രത്യയശാസ്ത്രപരവും നയപരവുമായ ഒരു സങ്കൽപനം മാത്രമായി. പക്ഷെ രാഷ്ട്രപുരോഗതിയുടെ മുഖ്യധാരയിൽ നിന്നവർ വേർപെട്ടതുമില്ല.

യുവജനപ്രസ്ഥാനത്തെക്കുറിച്ചുള്ള ഈ ശരിയായ താത്വിക സമീപനം ബൂർഷ്വാ യാഥാസ്ഥിതിക കക്ഷി

കരം വികലമാക്കുന്നതിന്റെ തെളിവാണ്, അവർ യുവജനസംഘടനകളെ വ്യക്തിത്വമോ സ്വയംഭരണമോ ഇല്ലാത്ത 'പോഷക' സംഘടനകളായി തരംതാഴ്ത്തുന്നത്. സി പി ഐ (എം) തുടങ്ങിയ യഥാർഥ തൊഴിലാളിവർഗ പാർടികളും ശാസ്ത്രീയ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും യുവജന സംഘടനകളെ വെറും പോഷകസംഘടനകളായി തരംതാഴ്ത്തുന്നില്ല. പാർടിക്ക് ആളെ കൂട്ടാനുള്ള കെണിയല്ല അവർക് യുവജന സംഘടനകൾ എന്നർഥം. യുവജനങ്ങളുടെ സവിശേഷ സിദ്ധികളെ രാഷ്ട്രത്തിനുപയുക്തമാക്കുകയും അതേസമയം വികസ്വരമായ സാമൂഹ്യവ്യവസ്ഥയിൽ പൂർണമായി പങ്കെടുക്കാൻ അവരെ പരിശീലിപ്പിക്കുകയും ആണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ ചെയ്യുക.

ആധുനിക ജനകീയ വിപ്ലവ പ്രസ്ഥാനത്തിന്റെ സന്തതിയാണ് യുവജനപ്രസ്ഥാനം. പക്ഷെ, ജനനത്തിനുശേഷം പൊക്കിൾകൊടി മുറിക്കാതെ തളച്ചിട്ടാൽ കുട്ടി വളരുകയില്ല. കുട്ടികൾ സ്വതന്ത്രമായി വളരാൻ മുറവേക്കവരെ എറിഞ്ഞുകളയുകയും അരുത്.

2

ലോകയുവജനപ്രസ്ഥാനം ഇരുപതാം നൂറ്റാണ്ടിന്റെ അരുതിയിൽ

19–ാം നൂറ്റാണ്ടിന്റെ അന്ത്യഘട്ടത്തിൽ പകുതിയായി തുടങ്ങിയ തൊഴിലാളിവർഗ സോഷ്യലിസ്റ്റ് പ്രസ്ഥാനങ്ങളും അയർലണ്ടിലേയും പോളണ്ടിലേയും ലാറ്റിനമേരിക്കയിലേയും മറ്റും സ്വാതന്ത്ര്യപ്രസ്ഥാനങ്ങളും യുവജന മുന്നേറ്റങ്ങൾക്ക് വലിയ പ്രചോദനം നൽകി. 20–ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ വളർന്നുവന്ന ഇന്ത്യൻ സ്വാതന്ത്ര്യസമരം, തുർക്കി നവീകരണ പ്രസ്ഥാനം, മെക്സിക്കൻ വിപ്ലവം, റഷ്യൻ ബോൾഷെവിക് മുന്നേറ്റം മുതലായവയിൽ യുവജനങ്ങളുടെ പങ്ക് വളരെ വലുതായിരുന്നു. ഇന്ത്യയിൽ ഒന്നാംലോക മഹായുദ്ധത്തിനുമുൻപ് പഞ്ചാബു മുതൽ ബംഗാൾവരെയും മഹാരാഷ്ട്രം മുതൽ തമിഴ്നാടുവരെയും വളർന്നുവന്ന ഉശിരൻ ജനാധിപത്യ വിപ്ലവ ഗ്രൂപ്പുകളിൽ (ബ്രിട്ടീഷുകാരുടെ ഭാഷയിൽ ഭീകര പ്രസ്ഥാനം) യുവജനങ്ങൾക്ക് ഗണ്യമായ പങ്കുണ്ടായിരുന്നു. സായുധ കലാപത്തിന്റെ മാർഗത്തോളം എത്താതിരുന്ന യുവജനങ്ങൾ ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ലാൽ–ബാൽ–പാൽ ത്രയത്തിന് ശക്തി പകർന്ന് ആ സംഘടനയെ 'സമരോത്സു'കമാക്കുവാൻ യത്നിച്ചു.

ഒന്നാം ലോകമഹായുദ്ധവും ഒക്ടോബർ സോഷ്യലിസ്റ്റ് വിപ്ലവവും ലോക ചരിത്രത്തിൽ ഒരു പുതിയ

യുഗത്തിന്റെ പിറവി കുറിക്കുകയും ലോക സോഷ്യലിസ്റ്റ് പരിവർത്തനത്തിന്റെ തുടക്കം പ്രഖ്യാപിക്കുകയും ചെയ്തു. എല്ലാ ഭൂഖണ്ഡങ്ങളിലും സാമ്രാജ്യത്വത്തിനെതിരായ വിമോചന പോരാട്ടം അലയടിച്ചുയർന്നു. ഈ പോരാട്ടങ്ങളുടെ നേതൃത്വം പിടിച്ചുപറ്റാൻ തൊഴിലാളിവർഗവും ബൂർഷ്വാസിയും പരസ്പരം മത്സരിച്ചു. കാലാന്തരത്തിൽ ചൈന തുടങ്ങിയ ചില രാജ്യങ്ങളിൽ വിമോചന സമരത്തിന്റെ നേതൃത്വം തൊഴിലാളിവർഗം പിടിച്ചെടുത്തപ്പോഴും ഇന്ത്യ പോലെയുള്ള മറ്റു ചില രാജ്യങ്ങളിൽ നേതൃത്വം ബൂർഷ്വാസിയുടെ കൈപ്പിടിയിൽ തന്നെ ഒതുങ്ങി. പക്ഷെ ഈ രണ്ടുതരം പ്രസ്ഥാനങ്ങളിലും യുവജനങ്ങൾ തലയെടുപ്പോടെ അണിനിരന്നു. സോവിയറ്റ് യൂണിയനിൽ യുവകമ്യൂണിസ്റ്റ് ലീഗിന്റെ ആവിർഭാവത്തോടുകൂടി യുവജനപ്രസ്ഥാനത്തിന് ഒരു പുതിയ മാനവും മാതൃകയും കൈവന്നു. ഇന്ത്യയിൽ നിസ്സഹകരണ പ്രസ്ഥാനത്തിൽ ചേരാനായി സ്കൂളുകളും കോളേജുകളും ഉപേക്ഷിച്ചിറങ്ങിയ വിദ്യാർഥികൾ ദേശീയ ജീവിതത്തിന് പുതിയൊരു ചൈതന്യം പകർന്നു. 1918 മുതൽ 1939 വരെ രണ്ട് ലോകമഹായുദ്ധങ്ങളുടെ ഇടവേള ശക്തിയേറിയ പുരോഗമന യുവജന പ്രസ്ഥാനങ്ങളുടെ ലോകവ്യാപകമായ വളർച്ചക്ക് സാക്ഷ്യം വഹിച്ചു.

പക്ഷെ അതോടൊപ്പംതന്നെ തികച്ചും വ്യത്യസ്തമായ പാതയിൽ ചലിക്കുന്ന മറ്റൊരു യുവജനപ്രസ്ഥാനവും ഇക്കാലയളവിൽ രൂപംകൊണ്ടു. മതമൗലികതാവാദികളും വർഗീയ ഭ്രാന്തൻമാരും വർണവെറിയൻമാരും നയിക്കുന്ന വിവിധതരത്തിലുള്ള യുവജനപ്രസ്ഥാനങ്ങളെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇവയിൽ പലതും ഫാസിസ്റ്റ് സ്വഭാവം കൈക്കൊണ്ടു. 1924–ൽ നാഗപ്പൂരിൽ ഹെഡ്ഗെവാറിന്റെ നേതൃത്വത്തിൽ രൂപം കൊണ്ട രാഷ്ട്രീയ സ്വയം സേവക് സംഘ് ഇന്ത്യയിലെ മാത്രം ഒരു പ്രതിഭാസമല്ലായിരുന്നു. ഇറ്റലിയിലെ മുസ്സോളിനി പക്ഷക്കാരായ തവിട്ടുകുപ്പായക്കാർ ജർമനിയിലെ 'സ്റ്റോം

ട്രൂപ്പർമാർ', സ്പെയിനിലെ 'ഫലാഞ്ചിസ്റ്റു'കളും മുതലായവ ഫാസിസ്റ്റ് യുവജന പ്രസ്ഥാനങ്ങളുടെ മാതൃകകളാണ്. ഇന്ത്യയിൽ സ്വാതന്ത്ര്യസമരത്തിന്റെ വേലിയേറ്റത്തിൽ ആർ എസ് എസ് സംഘടന ആദ്യകാലത്ത് ശുഷ്കവും അപ്രസക്തവുമായിരുന്നു. എങ്കിലും ജർമനിയിലും ഇറ്റലിയിലും മറ്റും ഇടതുപക്ഷത്തെയും ജനാധിപത്യത്തെയും അട്ടിമറിച്ച് ഫാസിസം സ്ഥാപിക്കുന്നതിൽ ഈ യുവജനപ്രസ്ഥാനങ്ങളും വഹിച്ച പങ്ക് ചെറുതല്ല. 1928–33 കാലത്ത് മുതലാളിത്ത ലോകത്തെ ഗ്രസിച്ച അഭൂതപൂർവമായ സാമ്പത്തിക പ്രതിസന്ധി യുവജനങ്ങളിൽ ഒരു വലിയ വിഭാഗത്തെ ഫാസിസ്റ്റ് കെണിയിലേക്കാണ് നയിച്ചത്. ലക്ഷോപലക്ഷം വരുന്ന യൂറോപ്യൻ തൊഴിലില്ലാപടയെ ഫാസിസത്തിന്റെ പ്രപഞ്ചകരായി മാറ്റാൻ ജർമനിയിൽ ഹിറ്റ്ലർക്കും ഇറ്റലിയിൽ മുസ്സോളിനിക്കും സ്പെയിനിൽ ഫ്രാങ്കോക്കും കഴിഞ്ഞു. അത്ര വലിയ അളവിലല്ലെങ്കിലും ഫ്രാൻസിലെ പെറെയിൻ പ്രഭൃതികളും ഇംഗ്ലണ്ടിലെ സർ ഒസ്വാൾഡ് മൊസ്ലിക്കും അർജന്റീനയിലെ ജുവാൻ പെറോണിനും മറ്റും കഴിഞ്ഞു.

രണ്ടാം ലോകമഹായുദ്ധത്തിലെ ഫാസിസത്തിന്റെ തോൽവിയും സോവിയറ്റ് യൂണിയനുൾപ്പെടെയുള്ള സഖ്യകക്ഷികളുടെ വിജയവും ഫാസിസത്തിന്റെ മൗലിക പരാജയവും ഫാസിസ്റ്റ് യുവജന സംഘടനകൾക്ക് കനത്ത പ്രഹരമായി ഭവിച്ചുവെങ്കിലും രണ്ടാംലോകമഹായുദ്ധാനന്തര കാലത്തും പലയിടത്തും യുവജനങ്ങളുടെയും വിദ്യാർഥികളുടെയും പ്രതിവിപ്ലവ സംഘടനകൾ തലപൊക്കുകയുണ്ടായി. അവയെ പ്രചോദനവും പ്രതിഫലവും നൽകി വളർത്തിക്കൊണ്ടുവന്നത് അമേരിക്കൻ ചാര വകുപ്പായ സി ഐ എ യുടെ മുൻഗാമികളായിരുന്നു. മക്കാർത്തിയൻ യുഗം എന്ന പേരിൽ അറിയപ്പെടുന്ന 1950 കൾ ഇത്തരം പ്രതിവിപ്ലവ യുവജനസംഘടനകളുടെ കൊയ്ത്തുകാലമായിരുന്നു. കേരളത്തിലെ 1957–59 കാല

ത്തെ കമ്യൂണിസ്റ്റ് ഗവൺമെൻറിനെതിരായി നടന്ന 'വിമോചന' ലഹളയിൽ രൂപം കൊണ്ട കെ എസ് യു., യൂത്ത് കോൺഗ്രസ് തുടങ്ങിയ സംഘടനകൾക് അമേരിക്കൻ സഹായം നിർലോഭം ലഭിച്ചിരുന്നുവെന്ന് ഈ പ്രസ്ഥാനങ്ങളിലൂടെ നേതൃത്വത്തിലേക്കുയർന വയലാർ രവി പിൽകാലത്ത് പരസ്യമായി പ്രഖ്യാപിച്ചപ്പോൾ ഇടതുപക്ഷക്കാർകും പണ്ടേഅറിയാമായിരുന്ന ഒരു വസ്തുത സ്ഥിരീകരിക്കുക മാത്രമാണ് ചെയ്തത്. വിശ്വതലത്തിൽ ഇത്തരം സംഘടനകൾക് നേതൃത്വവും സഹായധനവും നൽകിപ്പോന്നത് വേൾഡ് അസംബ്ളി ഓഫ് യൂത്ത് (ലോക യുവജന സഭ WAY എന്ന് ചുരുക്കത്തിൽ) എന്ന സംഘടനയാണ്. സാമ്രാജ്യവാദികളുടെ കൈകാര്യ കർതൃത്വത്തിൽ നടന്നിരുന്ന ഈ സംഘടന ഇടതുപക്ഷ നേതൃത്വത്തിൽ പ്രവർത്തിച്ചുവന്ന വേൾഡ് ഫെഡറേഷൻ ഓഫ് ഡെമോക്രാറ്റിക് യൂത്ത് (WFDY) എന്ന സംഘടനക്ക് ബദൽ ആയിരുന്നു. വേൾഡ് പീസ് കൗൺസിലിന് എതിരായി സി ഐ എ ക്കാർ ചെലവുചെയ്ത് സൃഷ്ടിച്ച വേൾഡ് കോൺഗ്രസ് ഫോർ കൾചറൽ ഫ്രീഡവും യുവജനപ്രസ്ഥാനങ്ങളെ കമ്യൂണിസ്റ്റ് വിരുദ്ധ മാർഗങ്ങളിലേക്ക് തള്ളിക്കൊണ്ടിരുന്നു. ലോകത്തിൻെറ പല മേഖലകളിലും പ്രതിവിപ്ളവ പ്രവർതനത്തിൽ പങ്കെടുത്ത ഈ പിന്തിരിപ്പൻ യുവജനസംഘടനകൾ 1960 കളിൽ മക്കാർതിയൻ യുഗത്തിൻെറ തകർചയും ഒന്നാം ശീതസമര കാലത്തിൻെറ അന്ത്യവും ആയതോടെ ദുർബലപ്പെടാനും അസ്തമിക്കാനും തുടങ്ങി. എങ്കിലും 1965–ലെ ഇന്തോനേഷ്യൻ പ്രതിവിപ്ലവ കലാപത്തിൽ ഫാസിസ്റ്റ്–സി ഐ എ യുവജന–വിദ്യാർഥി സംഘടനകൾ നിർണായകമായ പങ്കുവഹിച്ചുവെന്ന കാര്യം ഓർകേണ്ടതുണ്ട്.

1960 കളുടെ മധ്യത്തോടുകൂടി ലോകകമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഭിന്നതകൾ ജനാധിപത്യ യുവജനപ്രസ്ഥാനത്തെ ദോഷകരമായി ബാധിച്ചുവെങ്കിലും ഈ കാലഘട്ടത്തിലെ മറ്റു ചില ലോക സംഭവങ്ങൾ യുവജന രം

ഗത്ത് ഒരു പുത്തൻ ഉണർവിന് വഴിവെച്ചു. വിയത്നാം യുദ്ധവും അത് ഉണർത്തിവിട്ട സാമ്രാജ്യത്വവിരുദ്ധ പ്രക്ഷോഭവുമാണ് ഈ സംഭവങ്ങളിൽ പ്രധാനം. വിയത്നാം യുദ്ധത്തിൽ മുഖ്യശത്രുവായ അമേരിക്കൻ ഐക്യനാട്ടിൽ തന്നെയാണ് യുവജനങ്ങളിൽ നിന്നും കനത്ത എതിർപ്പ് നേരിടേണ്ടിവന്നത്. അമേരിക്ക വിയത്നാമിൽ കണ്ണിൽ ചോരയില്ലാതെ വർഷിച്ച കണക്കില്ലാത്ത ബോംബുകളിൽ ഓരോന്നും വിയത്നാമിലെ പ്രകൃതിയെയും മനുഷ്യരെയും ചുട്ടുചാമ്പലാക്കിയപ്പോഴും അവയുടെ ഭീകരമായ പ്രതിധ്വനി അമേരിക്കൻ സർവകലാശാലകളെയും നഗരങ്ങളെയും പ്രകമ്പനം കൊള്ളിക്കുകയും ലക്ഷക്കണക്കിന് വിദ്യാർഥികളെ യുദ്ധത്തിനെതിരെ തെരുവിലിറക്കുകയും ചെയ്തു. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്ത് ലോകമെങ്ങും ഒരു അപ്രതിരോധ്യ പ്രസ്ഥാനമായി വളർന്നുവന്ന സാമ്രാജ്യവിരുദ്ധ കാമ്പസ് രാഷ്ട്രീയത്തിന്റെ തുടക്കം അങ്ങനെ അമേരിക്കയിലാണ് കുറിച്ചത്.

അധികം താമസിയാതെ ഈ യുദ്ധവിരുദ്ധ യുവജന–വിദ്യാർഥിപ്രസ്ഥാനം ഇംഗ്ലണ്ട്, ഫ്രാൻസ്, ജർമനി, തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലേക്കും വ്യാപിച്ചു. ഈ പ്രസ്ഥാനത്തിന്റെ ഏറ്റവും രൂക്ഷമായ പൊട്ടിപ്പുറപ്പെടലിന് സാക്ഷ്യം വഹിച്ചത് ഫ്രാൻസും ശ്രീലങ്കയുമാണ്. 1968-ലെ ഫ്രഞ്ച് വിദ്യാർഥി യുവജന കലാപവും 1971 ലെ ശ്രീലങ്കൻ യുവജന കലാപവും അതത് രാഷ്ട്രങ്ങളിലെ ബൂർഷ്വാ ഭരണകൂടങ്ങളെത്തന്നെ അപ്പാടെ അട്ടിമറിച്ചേക്കും എന്ന തോന്നലുണ്ടായി. എങ്കിലും അവ കാലക്രമേണ അടിച്ചമർത്തപ്പെട്ടു. അങ്ങനെ അടിച്ചമർത്തപ്പെട്ടെങ്കിലും ഈ രണ്ട് രാഷ്ട്രങ്ങളുടെയും ലോകത്തിന്റെയും സമകാലിക രാഷ്ട്രീയത്തിൽ അവ ഏൽപിച്ച ആഘാതം കനത്തതായിരുന്നു. പടിഞ്ഞാറൻ യൂറോപ്പിൽ അടുത്തകാലത്തൊന്നും വിപ്ലവ സാധ്യതയില്ലായെന്ന പരമ്പരാഗത മായ അന്ധവിശ്വാസത്തെ പാരീസിലെ വസന്തം എന്നപേരിലറിയപ്പെടുന്ന ഈ യുവജന വിദ്യാർഥി കലാപം ചീന്തിയെറിഞ്ഞു. ഈ രണ്ട് രാഷ്ട്രങ്ങളിലായിരുന്നു യുവജന

കലാപം മൂലം ഭരണകൂടങ്ങളുടെ ആണിക്കല്ല് ഇളകിയതെങ്കിലും അവ ഉളവാക്കിയ പ്രകമ്പനങ്ങളിൽ നിന്ന് ലോകത്തിലെ ഒരു രാഷ്ട്രവും വിമുക്തമായിരുന്നില്ല.

രണ്ടാം ലോകമഹായുദ്ധത്തിനു മുൻപും അതിനു തൊട്ടുപിൻപും നാം കണ്ട പ്രതിവിപ്ലവ യുവജന–വിദ്യാർഥി പ്രസ്ഥാനങ്ങളും എന്ന പ്രതിഭാസം ഈ പുതിയ രാഷ്ട്രീയ കാലാവസ്ഥയോടെ പൂർണമായി നിർമാർജനം ചെയ്യപ്പെട്ടതായി തോന്നുന്നു. പ്രതിവിപ്ലവ വിദ്യാർഥി-യുവജന പ്രസ്ഥാനത്തിന്റെ അവസാനത്തെ പടുതിരികത്തലായിരുന്നു ഡോ: സുക്കാർണോയുടെ സ്ഥാനഭ്രഷ്ടിലും സഖാവ് ഐദിത് ഉൾപ്പെടെ രണ്ടുലക്ഷത്തോളം കമ്യൂണിസ്റ്റ് കാഡർമാരുടെ കൂട്ടക്കൊലയിലും കലാശിച്ച ഇന്തോനേഷ്യൻ അട്ടിമറിയിൽ നാം കണ്ടത് എന്ന് കരുതേണ്ടിയിരിക്കുന്നു.

1924–ലും 1925–ലും ആയി യൂറോപ്പിലെ അവസാനത്തെ ഫാസിസ്റ്റ് രാഷ്ട്രങ്ങളായിരുന്ന സ്പെയിനിലും പോർതുഗലിലും ജനാധിപത്യം പുനഃസ്ഥാപിച്ചതോടെ യൂറോപ്യൻ വൻകരയിൽ പഴയ ഫാസിസ്റ്റ് യൂവജനപ്രസ്ഥാനം കയ്പേറിയ സ്മരണ മാത്രമായി അവശേഷിച്ചു. ആഫ്രിക്കൻ ഭൂഖണ്ഡത്തിലെ സാമ്രാജ്യത്വ തകർച്ചയും ലാറ്റിനമേരിക്കയിലെ ജനാധിപത്യ പ്രക്രിയയും യുജന പ്രസ്ഥാനത്തിന്റെ ഈ പുതിയ പോക്കിന് ആക്കം നൽകി. അങ്ങനെ കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകാലത്തെ അനുഭവം വെച്ചു പറഞ്ഞാൽ ലോകത്തെങ്ങും യുവജന പ്രസ്ഥാനം പുരോഗതിയുടെയും ജനാധിപത്യത്തിന്റെയും സോഷ്യലിസത്തിന്റെയും ചേരിയിലാണ് എന്ന് ഉറപ്പിച്ചു പറയാം.

അങ്ങനെ പ്രതിവിപ്ലവത്തിൽനിന്ന് വിപ്ലവത്തിലേക്കുള്ള ലോക യുവജനപ്രസ്ഥാനത്തിന്റെ പൊതു പ്രയാണം തികച്ചും സുഗമമോ വൈരുധ്യരഹിതമോ ആയിരുന്നില്ല. പിന്തിരിപ്പൻ–ഫാസിസ്റ്റ് പ്രവണതകളിൽ നിന്ന് പുരോഗതിയുടെ പാതയിലേക്ക് നീങ്ങിയ യുവജന വിദ്യാർഥി പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്ന പ്രത്യയ

ശാസ്ത്രപരവും പ്രായോഗികവുമായ പുതിയ വെല്ലുവിളികളും ഉയർന്നുവന്നു. അവയിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ''പുത്തൻ ഇടതുപക്ഷം'' എന്ന പേരിൽ പ്രകടമായ പ്രായോഗികവും പ്രത്യയ ശാസ്ത്രപരവുമായ പ്രവണത. ഇടതുപക്ഷ ബാലാരിഷ്ടതയുടെയും കൗമാര സാഹസികതയുടെയും പരിവേഷമണിഞ്ഞ ഈ പുത്തൻപ്രവണതക്ക് പ്രത്യയ ശാസ്ത്രപരമായ സാധൂകരണം നൽകാൻ ഹെർബർട്ട് മാർക്യൂസ്, ഴാങ്ങ് പോൾ സാർത്ര് തുടങ്ങിയ ചില പ്രസിദ്ധർ രംഗത്തുവന്നു. സോഷ്യലിസ്റ്റ് ചേരിയേയും നിലവിലുള്ള തൊഴിലാളി വിപ്ലവ പ്രസ്ഥാനത്തേയും ''ഔദ്യോഗികം'' എന്ന പരിഹാസ ബിരുദം ചേർത്ത് അവർ വിശേഷിപ്പിച്ചുപോന്ന കമ്യൂണിസ്റ്റ് പാർടികളെയും ആക്ഷേപിക്കുക എന്നത് ഈ പുത്തൻ ഇടതുപക്ഷാചാര്യൻമാരുടെ ശീലമായിരുന്നു. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങളേയും കമ്യൂണിസ്റ്റ് പാർടികളേയും അടച്ചാക്ഷേപിച്ചുവന്നതുകൊണ്ട് അവർക് ബൂർഷ്വാ മാധ്യമങ്ങളുടെ നിർലോപമായ പിന്തുണ ലഭിച്ചു. പരമ്പരാഗതമായ കമ്യൂണിസ്റ്റ് വിരുദ്ധ പ്രചാരവേല ''നവ മാർക്സിസ്റ്റ്'' പരിവേഷത്തോടെ പുറത്തുവന്നപ്പോൾ പടിഞ്ഞാറൻ മാധ്യമങ്ങൾ അക്കൂട്ടരെ സിംഹവൽകരിച്ച് അവതരിപ്പിക്കാൻ തുടങ്ങി. സോവിയറ്റ് യൂണിയനിൽ സോഷ്യലിസമില്ലെന്നും തൊഴിലാളിവർഗത്തിന്റെ വിപ്ലവ സാധ്യതകൾ ചോർന്നുപോയിരിക്കുന്നുവെന്നും ഇനി മേൽ ഇടത്തരക്കാരും വിദ്യാർഥികളുമാണ് വിപ്ലവത്തിന്റെ നായകത്വം വഹിക്കേണ്ടത് എന്നും തൊഴിലാളിവർഗ സർവാധിപത്യം എന്ന ആശയം കാലഹരണപ്പെട്ടുവെന്നും മറ്റുമാണ് ഇക്കൂട്ടർ വാദിച്ചത്. എന്നിട്ടും അവർ സ്വയം മാർക്സിസ്റ്റുകാർ ആണെന്ന് ശഠിച്ചപ്പോൾ അവർക് നവമാർക്സിസ്റ്റുകൾ എന്ന പേരുകൂടി കിട്ടി.

ഈ പുത്തൻ ഇടതുപക്ഷ ധാരയിൽ ചെഗവാരയിസം, മാവോയിസം, ട്രോഡ്സ്കിയിസം മുതലായ പേരുകളിൽ ചില പോഷക ധാരകൾ കൂടി ചെന്നു ചേർന്നി

രുന്നു. ഭരണകൂടത്തിന്റെ അടിയിളക്കുന്ന മട്ടിൽ പ്രഹരം ഏൽപ്പിച്ചു കഴിഞ്ഞാൽ പിന്നെ ഇത്തരം യുവജന കലാപത്തിന് സാക്ഷ്യം വഹിച്ചത് ശ്രീലങ്കയാണ്. ഫ്രഞ്ചു വിദ്യാർത്ഥി കലാപത്തിന്റെ വാചാലനായ വക്താവ് ബെൻ കോഹിറ്റ് പിന്നീട് സാമ്രാജ്യത്വ മാധ്യമങ്ങളിൽ ചേർന്ന് സീനിയർ എക്സിക്യൂട്ടീവായപ്പോഴും ശ്രീലങ്കാ കലാപത്തിന്റെ നേതാവ് രോഹൻ വിജയവീര ഫാസിസ്റ്റ് ചുവയുള്ള ഒരു സങ്കുചിത സിംഹള സംഘടനക്ക് നേതൃത്വം നൽകി. തമിഴരെ കൊല്ലാൻ അവർ ആയുധവും പേറി നടന്നു. ഇതുപോലെ പല പുത്തൻ ഇടതുപക്ഷക്കാരും കടുത്ത യാഥാസ്തികത്വ നിലപാടിലേക്ക് വഴുതി വീണപ്പോഴും ഒരുകാലത്ത് അവരുടെ പുറകിൽ അണിനിരന്നിരുന്ന ഇടത്തരം കാഡർമാരും വിപ്ലവകാരികളായ സാധാരണ യുവജനങ്ങളും മാർക്സിസം–ലെനിനിസത്തിലേക്കും തൊഴിലാളി വർഗ പ്രസ്ഥാനത്തിലേക്കും നീങ്ങി.

ഇന്ത്യയിൽ ഈ വിവിധവും വിരുദ്ധവുമായ ഇടതുപക്ഷ ബാലരിഷ്ട പ്രവണതകളും നക്സലൈറ്റുകളും എന്ന പേരിൽ അറിയപ്പെടുന്ന അവിയൽ സംഘത്തിലാണ് ഏറ്റവും കൂടുതൽ പ്രതിഫലിച്ചു കണ്ടത്. ചൈനയിലെ സാംസ്കാരിക വിപ്ലവം (1966 മുതൽ 1976 വരെ) കൊടികുത്തി വാണിരുന്ന കാലത്ത് കുറെയേറെ ചെറുപ്പക്കാരെ വഴിതെറ്റിക്കാൻ കഴിഞ്ഞ നക്സലൈറ്റുകളും ഇന്ന് ഡസൻകണക്കിന് പരസ്പരം ശത്രുതയോടെ വർത്തിക്കുന്ന ഗ്രൂപ്പുകളായി തകർന്നിരിക്കുന്നു. കേരളത്തിലെ ആദ്യകാല നക്സലൈറ്റുകളിൽ പ്രമുഖനായ ഫിലിപ്പ് എം പ്രസാദ് സാമാന്യം ഭേദപ്പെട്ട പ്രാക്ടീസുള്ള കുടുംബസ്ഥനായ അഭിഭാഷകനും സായിബാബ ഭക്തനുമാണ്. ഫിലിപ്പ് എം പ്രസാദ് പുട്ടപർത്തിയിൽ സായൂജ്യം കണ്ടെത്തിയപ്പോഴും മറ്റു ചില നക്സലൈറ്റുകളും ഗുരുവായൂരും തിരുപ്പതിയിലും അഭയം തേടി. അത്രത്തോളം പോകാൻ മനസില്ലാത്ത അജിത പഴയ അനിഹിലേഷൻ പരിപാടി ഉപേക്ഷിച്ച് ക്രിയാത്മകമായ ഇടതുപക്ഷവി

പ്ളവപാതകം ആരാഞ്ഞുവരുന്നു. കെ വേണു ഉപദേശീയതകളുടെ വിപ്ളവാചാര്യനായി ഫലത്തിൽ ഭിന്ദ്രൻ വാലമാർക്കും മഹന്തമാർക്കും സുഭോഷ് ഗീസിങ്ങുമാർക്കും മാർക്സിസ്റ്റ് വിമോചനത്തിന്റെ കിരീടം ചാർത്താൻ ഉഴറി നടക്കുന്നു. എല്ലാ പൊല്ലാക്കാലത്തും വേണുവിന്റെ വലം കൈയ്യായി പ്രവർത്തിച്ചിരുന്ന കെ എൻ രാമചന്ദ്രൻ ഇത്രത്തോളം പോകാൻ വയ്യാതെ ലക്ഷ്യത്തിലേക്ക് മറ്റു വഴികളും തേടി വേണുവുമായി കൂട്ടുപിരിഞ്ഞിരിക്കുന്നു. ഈ പൊറാട്ട്കളിയുടെ വിശദാംശങ്ങളും ഇനിയും അഖില ഭാതര അടിസ്ഥാനത്തിൽവിവരിക്കാൻ കഴിയും എങ്കിലും അതിനിവിടെ തുനിയുന്നില്ല.

ഇന്ത്യയിലും ലോകാമാകെയും 1970കളിൽ ഇങ്ങനെ പൊട്ടിപ്പുറപ്പെട്ടു വ്യാപിച്ച ഇടതുപക്ഷ തീവ്രവാദവും അരാജക സാഹസികതയും 1980 കളിൽ യുവജന പ്രസ്ഥാനചരിത്രത്തിലെ ഒരു വിചിത്ര പ്രതിഭാസമായി സ്മരിക്കപ്പെടുക മാത്രം ചെയ്യുന്നു. ഇപ്പറഞ്ഞതിനർഥം എല്ലാ നിലവാരത്തിലും ഇത്തരം ബാലാരിഷ്ടതകളിൽ നിന്ന് ലോക യുവജനപ്രസ്ഥാനം വിമുക്തമാണ് എന്നല്ല. നിതാന്തമായ ജാഗ്രതയും രാഷ്ട്രീയമായ വ്യക്തതയും തുടർനാൽ മാത്രമേ ഇത്തരം പാളിച്ചകളുടെ പുനർജനനത്തെ തടയാനാവൂ.

3

പുത്തൻ ഇടതുപക്ഷത്തിന്റെ പുതുമയും പഴമയും

1960 ൽ ലോകമാകെ കൊടുങ്കാറ്റഴിച്ചുവിട്ട "പുത്തൻ ഇടതുപക്ഷം" എന്ന പ്രതിഭാസം 1970 കളുടെ അന്ത്യമായപ്പോഴേക്കും കെട്ടടങ്ങി. 1969 മെയ് - ജൂൺ മാസങ്ങളിൽ പാരീസിൽ വിടർന്ന പുത്തൻ വസന്തത്തോടുകൂടി ആ പ്രതിഭാസം ഉച്ചകോടിയിലെത്തി. താമസിയാതെ അത് "കരിഞ്ഞുമലിഞ്ഞു മാശുമണ്ണായി" മാറി. അന്നത്തെ പുത്തൻ ഇടതുപക്ഷകൊടുങ്കാറ്റ് വർഷങ്ങൾംകകം മന്ദമാരുതൻ പോലുമല്ലാതായി. ലോക യുവജനപ്രസ്ഥാനത്തിന്റെ ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ആ പ്രതിഭാസത്തെക്കുറിച്ച് പരിശോധിക്കാതിരിക്കാനാവില്ല.

പഠനാർഹം

ചെറിയ ഒരു കാലയളവിൽ വിടർന്നുല്ലസിച്ച് അസ്തമിച്ചതാണെങ്കിലും പുത്തൻ ഇടതുപക്ഷം പഠനാർഹമായ ഒരു വിഷയമാണ്. ഈ അസ്തമനം അതിന്റെ ആന്തരികമായ ദൗർബല്യങ്ങളിൽ നിന്നുളവായതാണെങ്കിലും അതുയർത്തിയ പ്രശ്നങ്ങൾ അനുദിനം വളർന്നുവരുന്ന സാർവദേശീയ ഇടതുപക്ഷപ്രസ്ഥാനത്തെയും തൊഴിലാളിവർഗ വിപ്ലവപ്രസ്ഥാനത്തെയും സംബന്ധിച്ചിടത്തോളം അപ്രസക്തമോ അപ്രധാനമോ ആയി തള്ളാൻ കഴിയില്ല. കാലപ്രവാഹത്തിന്റെ ഓളത്തിൽ ഒതളങ്ങപോലെ നീന്തിക്കളിച്ച് കടലിലെത്തുംമുമ്പെ കരയിലടിഞ്ഞു

പോയെങ്കിലും പുത്തൻ ഇടതുപക്ഷം അവഗണിക്കാനാവാത്ത ഒരു ചരിത്രവസ്തുതയാണ്. അതിന്റെ സമഗ്രമായ വിശകലനത്തിനല്ല, മറിച്ച്, സമഗ്ര പഠനത്തിന്റെ പ്രാരംഭമായി കരുതാവുന്ന ചില ചിന്തകളും അവതരിപ്പിക്കുന്നതിനാണ് ഇവിടെ മുതിരുന്നത്.

ഇത്തരം പരിശോധനയുടെ തുടക്കം നിർവചനമാണല്ലോ. പക്ഷെ അവിടെനിന്നേ കുഴപ്പവും തുടങ്ങുന്നു. പൂർണവും വ്യവഛേദിതവുമായ ഒരു നിർവചനത്തെ കബളിപ്പിച്ചു കടന്നുകളയുന്ന ആവരണവും വൈവിധ്യവും വൈരുദ്ധ്യവുമാണ് പുത്തൻ ഇടതുപക്ഷത്തിന്റെ മുഖമുദ്ര—അഥവാ മുഖമുദ്രകളും. കാരണം ഒന്നിലേറെ മുഖങ്ങളുള്ള ഒരു സങ്കീർണ പ്രതിഭാസമായിരുന്നു കാലം ചെയ്ത പുത്തൻ ഇടതുപക്ഷം.

തുടക്കം

പുത്തൻ ഇടതുപക്ഷം എന്ന പേര് കേട്ടുതുടങ്ങിയത് 1950—കളിലാണ്. ബ്രിട്ടീഷ് സർവകലാശാലകളിലെ ഇടതുപക്ഷ ചിന്താഗതിക്കാരായ അധ്യാപകരും വിദ്യാർഥികളും ചേർന്ന് ചില പുരോഗമന കാലികങ്ങളും പ്രസിദ്ധീകരിച്ചുവന്നു. അവയിൽ ''യൂണിവേഴ്സിറ്റി റിവ്യൂ''വും ''ലെഫ്റ്റ് റിവ്യൂ''വും ലയിച്ച് ''യൂണിവേഴ്സിറ്റീസ് ആൻഡ് ലെഫ്റ്റ് റിവ്യൂ'' എന്നൊരു കാലികം രൂപംകൊണ്ടു. 1956—ൽ ഹംഗറിയിലെ പ്രതിവിപ്ലവത്തെ തോൽപിക്കാൻ ശ്രമിച്ച ശക്തികളെ സഹായിക്കാനെത്തിയ സോവിയറ്റ് സൈനിക വിഭാഗങ്ങളുടെ ഇടപെടലിൽ പ്രതിഷേധിച്ച് ബ്രിട്ടീഷ് കമ്യൂണിസ്റ്റ് പാർടിയിൽ നിന്ന് രാജിവെച്ച് പിരിഞ്ഞ ഹൈമൻലെവി, ഇ. പി. തോംസൻ മുതലായവർ ചേർന്ന് ''ന്യൂ റീസണർ'' എന്നൊരു മാസികയും ആരംഭിച്ചു. ''യൂണിവേഴ്സിറ്റീസ് ആൻഡ് ലെഫ്റ്റ് റിവ്യൂ''വും ''ന്യൂ റീസണറും'' 1950കളുടെ അവസാനം ലയിച്ച് ''ന്യൂ ലെഫ്റ്റ് റിവ്യൂ' എന്നൊരു പുതിയ മാസികക്ക് ജൻമം നൽകി. ഔദ്യോഗിക കമ്യൂണിസ്റ്റ് പാർടികളിൽനിന്നു വിട്ടുപിരിഞ്ഞെങ്കിലും,

1950–കളിലെ മക്കാർതിയൻ മുന്നേറ്റകാലത്ത് അഞ്ചാം പത്തികളായി മാറിയ വിറ്റേക്കർ ചേമ്പേഴ്സ് കൂട്ട രെപ്പോലെ കമ്യൂണിസ്റ്റ് വിരുദ്ധരാകാൻ തയ്യാറില്ലാത്തവരായിരുന്ന ഹൈമാൻലെവി, ഇ. വി. തോംസൻ, റാൽഫ് മിലിബാൻഡ്, ഐസക്ക് ഡോയിഷർ മുതലായവരുടെ മുഖപത്രമായി ''ന്യൂ ലെഫ്റ്റ് റിവ്യൂ'' വളർന്നു. എങ്കിലും ''ന്യൂ ലെഫ്റ്റ് റിവ്യൂ'' പിൽകാലത്ത് പുത്തൻ ഇടതുപക്ഷം എന്നറിയപ്പെട്ട പ്രത്യയശാസ്ത്രത്തിന്റെയും പ്രയോഗത്തിന്റെയും മുഖപത്രമായിതീരാൻ 1960 കൾ വരെ കാത്തിരിക്കേണ്ടിവന്നു.

പുത്തൻ ഇടതുപക്ഷം എന്ന പേരിന് പ്രചുരപ്രചാരം ലഭിക്കാൻ തുടങ്ങിയതും അതൊരു സ്വതന്ത്ര വിചാരപദ്ധതിയായി രൂപംകൊള്ളാനാരംഭിച്ചതും സുപ്രസിദ്ധ അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞനായ റൈറ്റ് മിൽസിന്റെ ഒരു കത്തോടുകൂടിയാണെന്ന് പല നിരീക്ഷകരും കരുതുന്നു. 1960–ൽ ന്യൂ ലെഫ്റ്റ് റിവ്യൂവിന്റെ അഞ്ചാം ലക്കത്തിൽ റൈറ്റ് മിൽസ് എഴുതിയ ''പുത്തൻ ഇടതുപക്ഷത്തിനൊരു കത്ത്'' പ്രസിദ്ധീകരിക്കപ്പെട്ടതോടെയാണ് ഈ പുത്തൻ തുടക്കം എന്ന് നിരീക്ഷകർ പലരും അഭിപ്രായപ്പെടുന്നു. (ഉദാഹരണം: ഇ. ബറ്റലോവ്, ഫിലോസഫി ഓഫ് റിവോൾട്, മോസ്ക്കോ) അതെങ്ങനെയായാലും ഒരു കാര്യം നമുക്കംഗീകരിക്കാം. ഈ കത്തിലാണ് പുത്തൻ ഇടതുപക്ഷത്തെ പഴയ ഇടതുപക്ഷത്തിൽ നിന്ന് വേർതിരിച്ചു കാണിക്കാനും ''പഴയ ഇടതുപക്ഷം'' എന്ന പ്രയോഗം തന്നെ നടത്താനും പുത്തൻ ഇടതുപക്ഷത്തിന്റെ ഏതാണ്ടൊരു രൂപരേഖ വരക്കാനും ആദ്യമായി ഒരു പുരോഗമന ചിന്തകൻ ഒരുമ്പെട്ടത്.

ഗുരുജിമാർ

പഴയ ഇടതുപക്ഷം എന്നതുകൊണ്ട് റൈറ്റ് മിൽസും കൂട്ടരും വിവക്ഷിച്ചത് സോഷ്യൽ ഡെമോക്രാറ്റിക്ക് പാർടികളെയും കമ്യൂണിസ്റ്റു പാർടികളെയുംആണ്. സോഷ്യൽ ഡെമോക്രാറ്റിക് പാർടികൾ എന്നാൽ ബ്രിട്ടീഷ് ലേ

സോഷ്യലിസ്റ്റ് പാർടി, ജനതയിൽ ലയിക്കുന്നതിനു മുമ്പ് ഫെർണാണ്ടസ്, ദന്തവാതെ മുതലായവർ പ്രതിനിധീകരിച്ചിരുന്ന വിവിധതരം ഇന്ത്യൻ സോഷ്യലിസ്റ്റ് ഗ്രൂപ്പുകളും മുതലായ മിതവാദ സോഷ്യലിസ്റ്റ് പാർടികളെയാണ്. ഇവ രണ്ടും തമ്മിലുള്ള അടിസ്ഥാനപരമായ വ്യത്യാസങ്ങൾ വിസ്മരിച്ച് രണ്ടു പാർടികളെയും എസ്റ്റാബ്ലിഷ്മെൻറ് വക്താക്കൾ എന്ന ഒറ്റത്താപ്പുകൊണ്ട് അളക്കാനാണ് പുത്തൻ ഇടതുപക്ഷക്കാർ ശ്രമിച്ചത്. പഴയ ഇടതർ ഇവരൊക്കെയെങ്കിൽ പുതിയ ഇടതർ ആരൊക്കെയാണ്? അപ്പോഴാണ് കുറേയേറെ ഇടതുപക്ഷ ''ഗുരുജി''കളെ നാം നേരിടുന്നത്. പഴയ എകസിസ്റ്റൻഷ്യലിസ്റ്റ് ദാർശനികൻ ഴാങ്പോൾ സാർത്ര് മുതൽ പുതിയ ഗവേരയിസ്റ്റ് റെഴി ദെബ്രെവരെ; ഫ്രാങ്ക് ഫർട് സ്കൂൾ മാർക്സിസം എന്ന പേരിൽ അറിയപ്പെടുന്ന ചിന്താപദ്ധതിയുടെ നേതാവ് ഹെർബർട് മാർക്യൂസ് മുതൽ ഫ്രഞ്ച് കമ്യൂണിസ്റ്റ് പാർടി കേന്ദ്രകമ്മറ്റിയിലെ വിമത ദാർശനികനായ ലൂയി അൽത്തൂസർ വരെ; വിദ്യാർഥി നേതാക്കളായിരുന്ന ഫ്രഞ്ച്കാരൻ കോൺബൻഡിറ്റും ജർമൻകാരൻ ദുസിദുഷ്കെയും മുതൽ ലണ്ടനിലെ പാകിസ്ഥാനി യുവാവ് ആയ ട്രോട്സ്കിയിസ്റ്റ് താരിക് അലിവരെ; അമേരിക്കൻ ''കറുത്ത മുസ്ലീം'' പ്രവാചകൻ മാൽകം എക്സ് മുതൽ നിരവധി ചെറിയ മാവോയിസ്റ്റ് ഗ്രൂപ്പുകൾ വരെ; പലസ്തീൻ ഭീകര പ്രവർത്തകർ മുതൽ വധിക്കപ്പെട്ട അമേരിക്കൻ കറുത്ത പാതിരി മാർടിൻ ലൂതർ കിങ്ങിന്റെ അഹിംസാ വാദികൾവരെ, ഫ്രോയിഡിസത്തെയും മാർക്സിസത്തെയും ബന്ധിപ്പിക്കാൻ ശ്രമിക്കുന്ന മനശ്ശാസ്ത്രജ്ഞൻ എറിക് ഫ്രോം മുതൽ ഇറാലിയൻ കമ്യൂണിസ്റ്റ് പ്രസ്ഥാന സ്ഥാപകനായ അന്റോണിയോ ഗ്രാംശ്ചിയിൽ നിന്നും മാർക്സിന്റെ ആദ്യകാല കൃതികളിൽനിന്നും പുതിയ സിദ്ധാന്തങ്ങൾ മെനഞ്ഞെടുക്കാൻ ശ്രമിക്കുന്നവർവരെ ഈ ഇടതുപക്ഷ ഗുരുജിമാരുടെ എണ്ണവും വൈവിദ്ധ്യവും വൈരുദ്ധ്യവും തിട്ടപ്പെടുത്തുവാൻ കുറച്ചൊന്നുമല്ല പാട്.

ഏകാഗ്രലക്ഷ്യബോധമില്ല

ഇത്രയേറെ ഗുരുജികളും ആവിഷ്കർതാക്കളും വ്യാഖ്യാതാക്കളും ഉള്ള ഒരു പ്രസ്ഥാനത്തിനു ഏകാഗ്രമായ ലക്ഷ്യബോധമോ സമഗ്രമായ സിദ്ധാന്തപദ്ധതിയോ ഉണ്ടാകില്ലല്ലോ. പുത്തൻ ഇടതുപക്ഷത്തിന്റെ വേഷമണിഞ്ഞവരിൽ അഹിംസാവാദികളും ഉടൻവിപ്ലവക്കാരായ ഭീകരവാദികളും ഉണ്ടായിരുന്നുഎന്നു പറഞ്ഞുവല്ലോ. ബഹുജനസംഘടന കെട്ടിപ്പടുക്കാനാഗ്രഹിക്കുന്നവരും ബഹുജനസംഘടനയെ പുച്ഛിക്കുന്നവരും ഉണ്ടായിരുന്നു. വ്യക്തിപരമായ ജീവിതത്തിൽ മയക്കുമരുന്നുസേവയും വികൃതവേഷഭൂഷകളും വിപ്ലവത്തെ സഹായിക്കുമെന്നു വാദിച്ചുപോന്നവരുമുണ്ട്. ലൈംഗിക ജീവിതത്തിൽ അരാജകത്വം പ്രസംഗിച്ചവരും "ഹരേകൃഷ്ണ" "ഓം കാളി" "സെൻബുദ്ധിസം" മുതലായ പൗരസ്ത്യ മനപ്രവണതകളിൽ മയങ്ങിയവരും ഉണ്ടായിരുന്നു.

പക്ഷെ, ഈ വിവിധ സിദ്ധാന്തങ്ങളിലെല്ലാം ഒരുപോലെ വ്യാപിക്കുന്ന ഒരു ചിന്താഗതിയുണ്ട്: അതിനെ ലളിതമായി തൊഴിലാളിവർഗവിരുദ്ധ ചിന്താഗതി എന്ന് വിളിക്കാം. "പഴയ ഇടതുപക്ഷം" എന്നവർ വിശേഷിപ്പിക്കുന്ന സോഷ്യൽ ഡമോക്രാറുകളും കമ്യൂണിസ്റ്റുകളും സോഷ്യലിസത്തിലേക്കുള്ള പരിവർതനത്തിൽ പ്രോലിറേറിയൻ അഥവാ തൊഴിലാളിവർഗത്തിനുള്ള നിർണായക പങ്ക് അംഗീകരിക്കുന്നവരാണ്. കമ്യൂണിസ്റ്റുകാർ ഒരടികൂടി മുന്നോട്ടുപോകുന്നു. സോഷ്യലിസത്തിലേക്കുള്ള പരിവർതന കാലഘട്ടത്തിൽ വിപ്ലവശക്തികളുടെ നേതൃത്വം തൊഴിലാളിവർഗത്തിനാണെന്നും ആധുനിക സമൂഹത്തിലെ ഏറ്റവും പുരോഗമനോൻമുഖവർഗം തൊഴിലാളിവർഗമാണെന്നും തൊഴിലാളിവർഗത്തിന്റെ രാഷ്ട്രീയപാർടിയാണ് കമ്യൂണിസ്റ്റ് പാർടിയെന്നും വാദിക്കുന്നു.

ഈ നിലപാടിനെ ഖണ്ഡിതമായി എതിർക്കുന്ന പുത്തൻ ഇടതുപക്ഷക്കാർ തൊഴിലാളിവർഗത്തെ പുതിയ

ഒരു സ്ഥാപിത താൽപര്യവർഗമായിട്ടാണ് പരിഗണിക്കുന്നത്.

ചില പുത്തൻ ഇടതുപക്ഷക്കാർ മാർക്സിസ്റ്റ് പാരമ്പര്യമനുസരിച്ച് തൊഴിലാളിവർഗത്തിന്റെ നേതൃത്വപരമായ പങ്കിനെ അനുകൂലിക്കുന്നതിനെ റൈറ്റ് മിൽസ് നേരത്തെ പരാമർശിച്ച കത്തിൽ (1960) ഇങ്ങനെ വിമർശിക്കുന്നു.

അയാൾക്ക് മനസിലാകുന്നില്ല

"ചില പുത്തൻ ഇടതുപക്ഷക്കാർ വികസിത മുതലാളിത്ത രാജ്യങ്ങളിലെ സാമൂഹ്യപരിവർത്തനത്തിന്റെ ചരിത്രപരമായ ഉപാധിയായി, ചുരുങ്ങിയപക്ഷം ഏറ്റവും ഫലപ്രദമായ ഉപാധിയായി, തൊഴിലാളിവർഗത്തെ പരിഗണിക്കുന്നതാണ് എനിക്കു തീരെ മനസിലാകാത്ത കാര്യം. ഈ പ്രതീക്ഷക്കെതിരായി കനത്ത ചരിത്രപരമായ തെളിവുകളും നമ്മുടെ മുമ്പിലിരിക്കെയാണ് ഇവരിത് ചെയ്യുന്നത്."

അത്രയും എഴുതിയപ്പോൾ അൽപം ഒരു വീണ്ടുവിചാരം മിൽസിനുണ്ടാകുന്നു. അദ്ദേഹം തുടരുന്നു:

"തീർച്ചയായും തൊഴിലാളിവർഗത്തെ നമുക്കെഴുതിതള്ളാനാവില്ല. തൊഴിലാളികളും (പരിവർത്തനത്തിന്റെ) ഉപകരണമായി നിലനിൽക്കുന്നിടത്ത് നമുക്കവരുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ അതിനെ (തൊഴിലാളിവർഗത്തെ) ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു പരിവർത്തനോപാധിയായി നാം പരിഗണിച്ചുകൂടാ."

എന്നാൽ ഹെൽബർട് മാർക്യൂസ് കുറെകൂടി മുന്നോട്ട് (അതോ പിന്നോട്ടോ?) പോകുന്നു, *ഏകമാന മനുഷ്യൻ* (One Diamentional Man) എന്ന തന്റെ പ്രസിദ്ധ ലഘുഗ്രന്ഥത്തിൽ മാർക്യൂസ് സിദ്ധാന്തിക്കുന്നു:

"മുതലാളിത്ത ലോകത്തിൽ ഇപ്പോഴും അവ (മുതലാളിവർഗവും തൊഴിലാളിവർഗവും) തന്നെയാണ് അടിസ്ഥാനവർഗങ്ങൾ. എന്നാൽ മുതലാളിത്ത വികാസം അവ

യുടെ ഘടനയാകെ മാറിയിരിക്കുന്നു. അവ ഇപ്പോഴും പരിവർത്തനോപാധിയായി കാണപ്പെടുന്നില്ല.''

നിലനിൽക്കുന്ന വ്യവസ്ഥയെ പരിഷ്കരിച്ചു നിലനിറുത്തുന്നതിലാണ്, തകർത്തെറിയുന്നതിലല്ല ഇരുകൂട്ടർക്കും താൽപര്യം. ഈ മാറ്റം മുതലാളിവർഗത്തെയും തൊഴിലാളിവർഗത്തെയും സമൂഹ പരിവർത്തനത്തിനെതിരായി യോജിപ്പിച്ചിരിക്കുന്നു എന്നും മാർക്യൂസ് പറയുന്നു.

അർധസത്യശകലങ്ങൾ

ഈ വിമർശനത്തിൽ ചില അർധസത്യശകലങ്ങളും അടങ്ങിയിട്ടുണ്ട് എന്ന കാര്യം നിഷേധിക്കാവുന്നതല്ല. സാമ്രാജ്യത്വത്തിന്റെ വളർച്ചയും വെട്ടിപ്പിടിച്ച കോളനികളിൽ നിന്നുള്ള ചൂഷണ സമ്പത്തുംമൂലം ചില മാറ്റങ്ങളും പടിഞ്ഞാറൻ രാജ്യങ്ങളിലുണ്ടായിട്ടുണ്ട്. തങ്ങളുടെ വമ്പിച്ച കൊള്ള മുതലിന്റെ ഒരുഭാഗം തൊഴിലാളികളിലെ ഭേദപ്പെട്ട വിഭാഗങ്ങളിലേക്ക് ചോർന്നു പോകാൻ മുതലാളികളും അനുവദിക്കുന്നു. ഈ മാറ്റം 1890 കളിൽ തന്നെ ഫ്രെഡറിക് എംഗൽസിന്റെ ശ്രദ്ധയിൽപെട്ടിരുന്നു. അതൊരു പുതിയ സംഭവവികാസമല്ല. എംഗൽസ് ഇങ്ങനെ അൽപം മെച്ചപ്പെട്ട നിലവാരത്തിലെത്തി വിപ്ലവപ്രസ്ഥാനത്തോട് വിമുഖത പ്രകടിപ്പിക്കാൻ തുടങ്ങിയ തൊഴിലാളി വിഭാഗത്തെ ''തൊഴിലാളി പ്രഭുക്കൾ'' (ലേബർ അരിസ്റ്റോക്രാറ്റ്സ്) എന്ന് വിളിച്ച് പരിഹസിക്കുകയും ചെയ്തു. ബ്രിട്ടനിലെ ലേബർ പാർടിയുടെയും ട്രേഡ്യൂണിയൻ കോൺഗ്രസിന്റെയും അമേരിക്കയിലെ സി ഐ ഒ എ എഫ് എൽ എന്നിവയുടെയും പ്രമുഖ യൂറോപ്യൻ സോഷ്യൽ ഡമോക്രാറ്റിക് പാർടികളുടെയും സാമൂഹ്യാടിത്തറ ഈ ''തൊഴിലാളിപ്രഭു''ക്കളാണ്. ഇരുപതാം നൂറ്റാണ്ടിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനവും മാർക്സിസം–ലെനിനിസവും ഈ മിതവാദി ലേബർ–സോഷ്യലിസത്തിനെതിരായിട്ടാണ് വളർന്നുവന്നത്. ഈ പരമാർഥം മനസിലാക്കാതെ മാർക്യൂസും മിൽസും ദെബ്രെയും മറ്റും തൊഴിലാളിവർഗത്തിന്റെ ചരിത്രപരമായ കടമ അവസാ

നിച്ചു എന്ന് പറയുന്നത് പഴയ പ്രൂധോൺമാരുടെയും ബേൺസ്റ്റീൻമാരുടെയും മറ്റും റിവിഷനിസ്റ്റ് വാദത്തിന്റെ പുതുമയില്ലാത്ത ആവർത്തനം മാത്രമാണ്.

പരിവർതനത്തിന്റെ ഭാഗം

വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലെ—അഥവാ പടിഞ്ഞാൻ സാമ്രാജ്യത്വ രാഷ്ട്രങ്ങളിലെ—ഒരു വിഭാഗംതൊഴിലാളികളും ഇങ്ങനെ യാഥാസ്ഥിതിക പക്ഷത്തേക്ക് തിരിയത്തക്കവണ്ണം രൂപംകൊണ്ട സംഭവവികാസങ്ങളും ഒരു സാർവദേശീയ പരിവർതനത്തിന്റെ ഭാഗമാണ്. സ്വതന്ത്രമത്സരാടിസ്ഥാനത്തിൽ പ്രവർതിച്ചുവന്ന മുതലാളിത്തം കുത്തക മുതലാളിത്തമായി മാറുകയും അത് ആധുനിക സാമ്രാജ്യത്വമായി വളരുകയും ചെയ്തത് 1880-കളിലാണ്. ഈ നൂറ്റാണ്ടിന്റെ തുടക്കത്തോടെ ഈ പ്രക്രിയ പൂർതിയായി. അതോടെ മുതലാളിത്തം ചില രാജ്യങ്ങളിൽ പ്രത്യേകിച്ച് പടിഞ്ഞാറൻ യൂറോപ്പിൽ, കേന്ദ്രീകരിച്ചിരുന്നത് ഒരു ആഗോള വ്യവസ്ഥയായി മാറി. എല്ലാ രാജ്യങ്ങളിലും മുതലാളിത്ത വ്യവസ്ഥ വളർനു എന്നല്ല ഇതിന്റെ അർഥം. ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക എന്നീ വിപുലമായ ഭൂവിഭാഗങ്ങളും പടിഞ്ഞാറൻ കുത്തക മുതലാളിത്തത്തിന്റെ അടിസ്ഥാനത്തിൽ വളർന സാമ്രാജ്യത്വവ്യവസ്ഥക്ക് കീഴ്പെട്ടതോടെ അവിടെ തുടർനത് പ്രാങ് മുതലാളിത്ത വ്യവസ്ഥകളും തന്നെയാണ്. പക്ഷെ അവ ആഗോളവ്യാപകമായ മുതലാളിത്ത—സാമ്രാജ്യത്വ വ്യവസ്ഥക്ക് കീഴ്പെട്ടു എന്നാണ് മനസിലാക്കേണ്ടത്. വടക്കൻ അമേരിക്ക പടിഞ്ഞാറാൻ യൂറോപ്പ് ഏഷ്യയിൽ ജപ്പാൻ, ഒട്ടൊക്കെ ആസ്ത്രേലിയയും ന്യൂസിലാണ്ടും തെക്കെ ആഫ്രിക്കയും കഴിച്ചാൽ അവശേഷിച്ച ലോകഭാഗങ്ങളും മുഴുവൻ പ്രാങ് മുതലാളിത്ത സങ്കേതങ്ങളായിരുന്നു. ഇന്ത്യ പോലെ ചില കോളനികളിൽ ഏറിയും കുറഞ്ഞും മുതലാളിത്തം നാമ്പെടുത്തു തുടങ്ങിയിരുന്നു എന്നുമാത്രം.

ലോക വികാസത്തിലെ ഈ പുതിയഘട്ടം മാർക്സും എംഗൽസും അവരുടെ പ്രധാന കൃതികളും രചിക്കുകയും

തൊഴിലാളിവർഗ വിപ്ലവ പ്രസ്ഥാനത്തിന്റെ ആദ്യഘട്ടം പിന്നിടുകയും ചെയ്തതിനുശേഷമാണുണ്ടായത്. എങ്കിലും മാർക്സിന്റെയും കുറെകൂടി വിശദമായി എംഗൽസിന്റെയും അന്ത്യകാലകൃതികളിൽ ലോകത്തിന്റെ ഈ പുതിയ മുഖമായ പരാമർശിക്കപ്പെട്ടിട്ടുണ്ട്.എന്നാൽ ലെനിനാണ് ഈ പുതിയ സംഭവവികാസങ്ങളെ കണക്കിലെടുത്ത് മാർക്സിസ്റ്റ് സിദ്ധാന്തവും പ്രയോഗവും കാലാനുകൂലമായി സമ്പുഷ്ടമാക്കിയത്. ലെനിന്റെ ''സാമ്രാജ്യത്വം'' എന്ന പ്രാമാണിക കൃതി മാർക്സിന്റെ ''മൂലധനം'' എന്ന കൃതിയെ 20–ാം നൂറ്റാണ്ടിൽ വരെ എത്തിക്കുന്ന അനുബന്ധമാണ്–തുടർച്ചയാണ്.

തകർക്കപ്പെട്ട വാദമുഖങ്ങൾ

ഈ പുത്തൻ സംഭവവികാസങ്ങളെ മാർക്സിസത്തെ കാലഹരണപ്പെടുത്തിയെന്ന അക്കാലത്തെ ആക്ഷേപങ്ങളെ ലെനിൻ സമർത്ഥമായി നേരിട്ടു. ഇന്നത്തെപ്പോലെ ലെനിന്റെ കാലത്തും മാർക്സിന്റെ കാലത്തും തൊഴിലാളിവർഗത്തിന്റെ നിർണായക വിപ്ലവനേതൃത്വ പങ്കു ചോദ്യം ചെയ്തവർ ഉണ്ടായിരുന്നു. പ്രൂധോണെയും ബാക്കുനിനെയും മസ്സിനിയെയും മാർക്സ് ഒന്നാം ഇൻറർനാഷണലിൽ എതിർത്തു തോൽപിച്ചതുപോലെ രണ്ടാം ഇൻറർനാഷണലിന്റെ കാലത്തു ബേൺസ്റ്റീൻ, മാർടോവ്, കൗട്സ്കി മുതലായവരെ ലെനിനും എതിർത്തു തുറന്നുകാട്ടി. റഷ്യയിൽ ''നരോദ്നിക്കുകൾ എന്നൊരു സുശക്ത വിഭാഗം തൊഴിലാളിവർഗത്തിന്റെ വിപ്ലവനേതൃത്വശക്തിയെ ചോദ്യംചെയ്തു. ''ജനസുഹൃത്തുക്കൾ ആര്'' (വാട്ട് ദി ഫ്രണ്ട്സ് ഓഫ് ദി പീപ്പിൾ ആർ) എന്ന ലെനിന്റെ കൃതിയുടെ മുഖ്യഭാഗവും ഈ വാദമുഖങ്ങളെ തമർത്താനാണ് ഉപയോഗിച്ചിട്ടുള്ളത്.

അതുകൊണ്ട് 20–ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ പുത്തൻ ഇടതുപക്ഷക്കാർ എന്നവകാശപ്പെടുന്നവർ കൊണ്ടുവരുന്ന ഈ വാദമുഖം 19–ാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തിൽ മാർക്സും എംഗൽസും 20–ാം നൂറ്റാണ്ടിന്റെ പൂർ

വാർധത്തിൽ ലെനിനും സ്റ്റാലിനും കമ്യൂണിസ്റ്റ് ഇൻറർനാഷനലും തകർത്തുകളഞ്ഞ പഴയ വാദമുഖങ്ങളുടെ പുതിയ രൂപങ്ങൾ മാത്രമാണ്.

മോസ്കോയിൽ നിന്ന് ലണ്ടനിലേക്കുള്ളവഴി കൽക ത്തയിലൂടെയും ബെയ്ജിങ്ങിലൂടെയും ആണ് കിടക്കുന്ന ത് എന്ന ലെനിൻെറ പ്രസിദ്ധമായ വാചകത്തിൻെറ പിറ കിൽ അദ്ദേഹം ആവിഷ്കരിച്ച ആഗോള സോഷ്യലിസ് റ്റ് വിപ്ലവത്തിൻെറ അടവും തന്ത്രവും അടങ്ങിയിരി ക്കുന്നു. ലോകമുതലാളിത്തം ഒരാഗോള വ്യവസ്ഥയായി മാറിയ സാമ്രാജ്യത്വയുഗത്തിൽ സോഷ്യലിസ്റ്റ് പരിവർ തനവും ഒരാഗോള പ്രക്രിയയാണ്. ഓരോ പ്രത്യേക രാ ഷ്ട്രത്തിൽ നടക്കുന്ന സോഷ്യലിസ്റ്റ് വിപ്ലവങ്ങളും ഒ റപ്പെട്ട സംഭവങ്ങളല്ല ,ആഗോള സോഷ്യലിസ്റ്റ് വിപ്ലവ മുന്നേറ്റത്തിൻെറ ഒരേ പടവുകളാണ്. ആഗോള സാമ്രാജ്യ ത്വച്ചങ്ങലയിലെ ഓരോ കണ്ണിയെ തകർതെറിയുന്ന ഓരോ രോ രാജ്യത്തെ വിപ്ലവവും ആഗോള സാമ്രാജ്യത്വത്തെ തകർക്കുന്ന സാർവദേശീയ വിപ്ലവങ്ങളാണ്. പിൻനില രാഷ്ട്രങ്ങളിലെ കുത്തക–സാമ്രാജ്യവിരുദ്ധ മുതലാളി മാർകൂടി ഉൾപെടുന്ന ദേശീയ വിമോചനപ്രസ്ഥാനം, വികസിത മുതലാളിത്ത രാഷ്ട്രങ്ങളിലെ തൊഴിലാളി വർഗ സോഷ്യലിസ്റ്റ് പ്രസ്ഥാനം, സോഷ്യലിസ്റ്റ് വിപ്ലവം ജയിച്ച രാഷ്ട്രങ്ങൾ എന്നീ മൂന്നു ശക്തികളുടെ സമാഹരണമാണ് ആധുനികയുഗത്തിലെ ആഗോള വിപ്ലവശക്തി. സാമ്രാജ്യത്വത്തിൻെറ ആഗോള തകർച സാമ്രാജ്യത്വ രാഷ്ട്രങ്ങളിലെ മുതലാളിത്ത വ്യവസ്ഥയെ പ്രതിസന്ധിയിലാഴ്ത്തുകയും തൊഴിലാളിവർഗത്തെ കൂടുതൽ കൂടുതലായി വിപ്ലവപക്ഷത്തേക്ക് നീക്കുകയും ചെയ്യും. ഒരു വിഭാഗം ''തൊഴിലാളി പ്രഭുവർഗ''ത്തിന് മുമ്പ് നൽകിക്കൊണ്ടിരുന്ന സാമ്രാജ്യത്വ കൊള്ളമുതലി ൻെറ പങ്ക് കുറച്ചുകുറച്ച് കൊണ്ടുവരാൻ അവർ നിർബ ന്ധിതരാവും. ആഗോള വിപ്ലവത്തിൽ ലോക തൊഴിലാ ളിവർഗത്തെയാകെ എടുക്കുമ്പോൾ പുത്തൻ ഇടതുപക്ഷ

ക്കാർ പറയുന്നതും എംഗൽസും ലെനിനും കണ്ടതുമായ യാഥാസ്ഥിതികവൽകരണം ഒരു ചെറിയ ശതമാനത്തെ മാത്രമെ ബാധിച്ചിട്ടുള്ളു എന്ന് കാണാം. വാസ്തവം പറഞ്ഞാൽ ഈ യാഥാസ്ഥിതികവൽകരണം ചില പിൻനിലരാഷ്ട്രങ്ങളിലെ തൊഴിലാളികളിൽ ചിലരെയും ബാധിച്ചു എന്നുവരാം. ചില രാജ്യങ്ങളിൽ യാഥാസ്ഥിതികവൽകരണം ഏറിയിരിക്കും, ചിലയിടത്ത് കുറഞ്ഞിരിക്കും. പക്ഷെ, ആകമൊത്തം സ്ഥിതിയെടുക്കുമ്പോൾ ഈ യാഥാസ്ഥിതികവൽകരണത്തിന്റെ മേഖല കുറഞ്ഞുവരികയും വിപ്ലവവൽകരണത്തിന്റെ മേഖല വികസിച്ചുവരികയുമാണെന്നു കാണാം. യാഥാസ്ഥിതികവൽകരണത്തിന്റെ മേഖല അങ്ങനെതന്നെ തുടരുന്നുവെന്നോ വികസിക്കുന്നുവെന്നോ വാദിക്കുന്നവർ ലോകമുതലാളിത്ത പ്രതിസന്ധി കാണാത്തവരാണ്. മുതലാളിത്തം മാർക്സും ലെനിനും പഠിപ്പിച്ചപോലെയും നമ്മുടെ കൺമുമ്പിൽ കാണുന്നപോലെയും തകർന്നുവരികയില്ല പ്രതിദിനം ആയുരാരോഗ്യത്തോടെ വളർന്നുവരികയാണെന്നു വിശ്വസിക്കുന്നവർക്കു മാത്രമെ തൊഴിലാളിവർഗം കൂടുതൽ സമ്പന്നമായി എസ്റ്റാബ്ലിഷ്മെൻറിന്റെ നെടുംതൂണായി മാറുകയാണെന്ന അസംബന്ധം തുടർന്നുപറയാൻ കഴിയൂ. പുത്തൻ ഇടതുപക്ഷക്കാർ മുന്നേറിയ അറുപതുകളിലും പിന്നോട്ടടിച്ച എഴുപതുകളിലും നാം കാണുന്ന വസ്തുതയാണ് പടിഞ്ഞാറൻ രാഷ്ട്രങ്ങളിലെ തൊഴിലാളിവർഗം കൂടുതൽ കൂടുതലായി വിപ്ലവപക്ഷത്തേക്കും സമരമാർഗത്തിലേക്കും നീങ്ങിവരുന്നത്.

അവരുടെ നേതൃത്വം ആർക് ?

തൊഴിലാളിവർഗത്തെ യാഥാസ്ഥിതികപക്ഷത്തേക്ക് എന്നെന്നേക്കുമായി തള്ളിയ പുത്തൻ ഇടതുപക്ഷക്കാർ പിന്നെയാരെയാണ് വിപ്ലവനേതൃത്വത്തിൽ പ്രതിഷ്ഠിക്കാൻ ശ്രമിച്ചത് ? ഇടത്തരം ബുദ്ധിജീവികളും വിദ്യാർഥികളും തൊഴിലില്ലാത്തവരും അന്യവൽകരിപ്പെട്ടവരുമായ (എലിയനേറേഡ്) യുവജനങ്ങളും സോഷ്യലിസ്റ്റ് വിപ്ലവം നടത്തും എന്ന വങ്കത്തമാണ് അവർ പ്ര

ചരിപ്പിച്ചത്. കോൺബെൻഡിറ്റ്, മാർക്യൂസ്, സാർത്ര് മുതലായവർ അത് വ്യക്തമായി എഴുതിവെക്കാനും മടിച്ചിട്ടില്ല. 1969–ലെ ഫ്രഞ്ച് വിദ്യാർഥി–യുവജന കലാപം ഉച്ചകോടിയിലെത്തിയ അറുപതുകളിലെ ലോക വിദ്യാർഥി–യുവജനമുന്നേറ്റം ഈ പെറ്റിബൂർഷ്വാ സിദ്ധാന്തത്തിന്റെ സാക്ഷാത്കാരമാണെന്ന് പലരും തെറ്റിദ്ധരിച്ചിരുന്നു. വിയത്നാം യുദ്ധത്തിനെതിരെ, പുതിയ ആഗോള യുദ്ധത്തിനെതിരെ, ഓരോ രാജ്യത്തിലെയും വിദ്യാഭ്യാസ വ്യവസ്ഥക്കും ഭരണവ്യവസ്ഥക്കും എതിരെ എട്ടുപത്തുകൊല്ലക്കാലം ആഞ്ഞടിച്ച വിദ്യാർഥി മുന്നേറ്റത്തിന്റെ അലകളുടെ പ്രാധാന്യം കുറച്ചുകാണുന്നില്ല. വിയത്നാമിൽനിന്ന് അമേരിക്ക തോറ്റ് പിൻമാറിയതിന്റെ പുറകിൽ വിയത്നാം വിമോചനഭടൻമാരുടെ പോരാട്ടത്തിന്റെ കൂടെ അമേരിക്കൻ കാമ്പസുകളിലെ വിദ്യാർഥി കലാപവും ഒരു ഘടകമായിരുന്നു. പടിഞ്ഞാറൻ യൂറോപ്പിലെ തണുത്തുറഞ്ഞ യാഥാസ്ഥിതിക ഭരണത്തിന്റെ ഹിമാലയൻ ഹിമശിഖരങ്ങൾ ഉരുക്കുവാൻ പുതിയ വിദ്യാർഥി മുന്നേറ്റത്തിന് കഴിഞ്ഞു എന്നതും അവിതർക്കിതമാണ്. ഫ്രഞ്ച് കമ്യൂണിസ്റ്റ് പാർടിയെപോലുള്ള ചില പരമ്പരാഗത തൊഴിലാളിവർഗ രാഷ്ട്രീയപാർടികൾക്ക് ഈ മുന്നേറ്റത്തിന്റെ പ്രാധാന്യം കാണാനോ അതിൽനിന്നും രാഷ്ട്രീയനേട്ടമുണ്ടാക്കാനോ കഴിഞ്ഞില്ല എന്നതും പുത്തൻ ഇടതുപക്ഷക്കാർക് ജനദൃഷ്ടിയിൽ പരിവേഷം നൽകി. അറുപതുകളുടെ ലോകചരിത്രമെഴുതുന്ന ആർക്കും ഈ പുത്തൻ ഇടതുപക്ഷ മുന്നേറ്റത്തെ അപഹസിക്കാനോ അവഗണിക്കാനോ സാധ്യമല്ല. യാഥാസ്ഥിതിക മുതലാളിത്ത ഭരണകൂടങ്ങളെ എന്നപോലെ റിവിഷനിസ്റ്റ് ഗതാനുഗതികത്വത്തിന്റെ പടുകുഴിയിൽ ഉറക്കംതൂങ്ങിക്കിടന്ന പരമ്പരാഗത തൊഴിലാളിവർഗ പ്രസ്ഥാനങ്ങളെയും ഈ പുത്തൻ ഇടതുപക്ഷപ്രസ്ഥാനം പിടിച്ചുകുലുക്കി. സൂര്യാസ്തമയത്തിനുശേഷവും സന്ധ്യാരാഗം പടിഞ്ഞാറൻ ചക്രവാളത്തിൽ തങ്ങിനിൽക്കുന്നതുപോലെ പുത്തൻ ഇടതുപക്ഷക്കാർ കാലപ്രവാഹത്തിൽ ഒലിച്ചു

പോയിട്ടും അതിളക്കിയ അലകൾ വിപ്ലവപ്രസ്ഥാനത്തെ ആരോഗ്യകരമായി തഴുകിക്കൊണ്ട് തുടരുന്നുണ്ട്. പുത്തൻ ഇടതുപക്ഷത്തിന്റെ പുതുമയും സംഭാവനയും അത് മാത്രമാണ്.

അടിസ്ഥാന വർഗം

സോഷ്യലിസ്റ്റ് വിപ്ലവം വർഗസമരമാണ്. അടിസ്ഥാനവർഗങ്ങളെ മാറ്റിനിർത്തിക്കൊണ്ടുള്ള വർഗസമരവീക്ഷണം വികലമാണ്. അടിസ്ഥാനവർഗങ്ങളാകട്ടെ മുതലാളികളും തൊഴിലാളികളുമാണ്. മറ്റു വർഗങ്ങളുടെയെല്ലാം വിപ്ലവസാധ്യതക്ക് ശേഷിയും ഈ മുഖ്യവർഗങ്ങളിൽ ഏതിനോടവർ ചേർന്നുനിൽക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ജൻമിത്വത്തിന്റെയും മുതലാളിത്തത്തിന്റെയും ചൂഷണത്തിന് വിധേയരായ കർഷകരും തൊഴിലാളികളും തൊഴിലാളിവർഗത്തിന്റെ സ്വാഭാവിക സഖ്യശക്തികളാണ്. മുതലാളിത്ത പ്രതിസന്ധി മൂർഛിക്കുന്നതോടെ ഇടത്തരക്കാരും യുവജനങ്ങളും വിദ്യാർഥികളും കൂടുതൽ കൂടുതൽ പരിവർതനത്തിന്റെ ഭാഗത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നത് അനുഭവസാക്ഷ്യവും ശാസ്ത്രസത്യവുമാണ്. എന്നാൽ വിദ്യാർഥികളും യുവജനങ്ങളും അടിസ്ഥാന സാമ്പത്തിക വർഗങ്ങളല്ല. വിവിധ വർഗത്തിൽപെട്ടവർ ഈ വിഭാഗത്തിൽപെടും. നിശ്ചിത ശാസ്ത്രീയാർഥത്തിൽ വിദ്യാർഥികളെയും യുവാക്കളെയും വർഗങ്ങൾ എന്നു വിളിക്കുന്നതു തന്നെ തെറ്റാണ്. സമൂഹോൽപാദന പ്രക്രിയ നിശ്ചിത കടമകൾ നിർവഹിക്കുകയും ഉൽപാദനബന്ധങ്ങളിൽ നിശ്ചിത സ്ഥാനം വഹിക്കുകയും ചെയ്യുന്ന വിഭാഗങ്ങളെ മാത്രമെ ക്ലാസ് അഥവാ വർഗം എന്ന് വിശേഷിപ്പിക്കാനാവൂ. കുത്തക മുതലാളിമാർ, മുതലാളിമാർ, കൃഷിക്കാർ കർഷകത്തൊഴിലാളികൾ, വ്യവസായത്തൊഴിലാളികൾ എന്നിവയൊക്കെ വർഗങ്ങളാണ്. വിദ്യാർഥികളും യുവജനങ്ങളും ഈ വിവിധ വർഗങ്ങളിൽനിന്ന് വരികയും പ്രായം ചെല്ലുന്നതോടെ ഈ വിവിധ വിഭാഗങ്ങളിൽ ലയിക്കു

7809

കയും ചെയ്യുന്നു. അവരെ ഒരു നിശ്ചിത കാലഘട്ടത്തിലെ വിപ്ലവപ്രസ്ഥാനത്തെ നയിക്കാൻ കഴിവുള്ള വർഗമായി ചിത്രീകരിക്കുന്നത് സാമൂഹ്യശാസ്ത്രത്തിന്റെയും മാർക്സിസം–ലെനിനിസത്തിന്റെയും നിഷേധമാണ്.

കരുതൽസേന

യുവജനങ്ങളും വിദ്യാർഥികളും തൊഴിലാളിവർഗത്തിന്റെ കരുതൽ സേനകളാണ്. തൊഴിലാളിവർഗത്തിനു വരെ ആകർഷിക്കാനും നയിക്കാനും കഴിയാതെ വരുന്ന സന്ദർഭങ്ങളിൽ മുതലാളിത്തത്തിന്റെയും ഫാസിസത്തിന്റെയും കരുതൽസേനയായി അധഃപതിക്കാനും ഈ വിഭാഗങ്ങൾക്ക് കഴിയും. ഹിറ്റ്ലറുടെ മുന്നേറ്റത്തിലും ഇന്തോനേഷ്യയിൽ 1965ൽ സുകാർണോയുടെ പ്രതിവിപ്ലവത്തിലും കേരളത്തിൽ 1959ലെ ''വിമോചന'' സമരത്തിലും വിദ്യാർഥി യുവജനങ്ങളിൽ ഗണ്യമായ ഭാഗം ഫാസിസത്തിന്റെ കരുതൽ സേനകളായി മാറിയ കഥ ഓർക്കുക.

സിദ്ധാന്തപരമായ ഈ ദൗർബല്യമാണ് പുത്തൻ ഇടതുപക്ഷത്തിന്റെ അപചയത്തിന് വഴിവെച്ച ഒരു പ്രധാന ഘടകം. 1960 കളിലെ പുത്തൻ ഇടതുപക്ഷത്തിന്റെ മുന്നണിനേതാക്കളിൽ കുറേപ്പേർ യഥാർഥ വിപ്ലവത്തിന്റെ ചേരിയിലേക്ക് നീങ്ങിയപ്പോഴും ചിലർ പിന്തിരിപ്പൻ പ്രചാരകരായി കമ്യൂണിസ്റ്റ് വിരുദ്ധ കുരിശുയുദ്ധത്തിൽ ചേർന്നു. പാരീസ് വസന്തത്തിന്റെ ഏറ്റവും സൗരഭ്യപൂർണമായ പുഷ്പമായി ഉയർന കോൺബെൻഡിറ്റും അദ്ദേഹത്തിന്റെ പല സ്നേഹിതരും രാഷ്ട്രീയമുപേക്ഷിച്ച് സാമ്രാജ്യത്വ മാധ്യമങ്ങളിൽ ഉയർന ഉദ്യോഗംവഹിച്ചു മെച്ചപ്പെട്ട സുഖഭോഗജീവിതത്തിലേക്ക് നീങ്ങി. ഇന്ന് പുത്തൻ ഇടതുപക്ഷം ഒരു ചരിത്രസ്മരണമാത്രമാണ്. നിഷേധാത്മകവും ക്രിയാത്മകവുമായ സംഭാവനകളും ലോകർക്കും വിപ്ലവപ്രസ്ഥാനത്തിനും നൽകിയ പുത്തൻ ഇടതുപക്ഷപ്രസ്ഥാനം തൊഴിലാളിവർഗത്തിന്റെ നിരന്തര മുന്നേറ്റ ചരിത്രത്തിലെ ഒരു സംഭവം മാത്രമായി അവശേഷിക്കുന്നു.



ലോകയുവജനപ്രസ്ഥാനം

പി. ഗോവിന്ദപ്പിള്ള

ഇരുപതാം നൂറ്റാണ്ട് യുവജന പ്രസ്ഥാനങ്ങളുടെ ഒരു കാലമാണ്. എങ്കിലും വിശ്വ യുവജന പ്രസ്ഥാനത്തിന്റെ ഒരു ചരിത്രം ലഭിക്കാനില്ല. എന്താണ് ആധുനിക യുഗത്തിൽ യുവജനപ്രസ്ഥാനം രൂപമെടുക്കാനുള്ള കാരണങ്ങൾ? എന്താണതിന്റെ പ്രസക്തി? ഇന്നത് എവിടെ എത്തിനിൽക്കുന്നു? ഇവയെല്ലാം ചുരുക്കി പ്രതിപാദിക്കുന്ന ഒരു പുസ്തകം.